# മലങ്കര വിശ്വാസിരക്ഷകൻ

| പുസ്തകം ൮ | ൧൧൦൭ ഇടവം, മിഥുനം | ലക്കം ൧൦, ൧൧ |
| --- | --- | --- |


## ഹെൻറിഡെൻ

പതിനേഴാം നൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഒരു വേർപാടുകാരനായിരുന്നു ഹെൻറിഡെൻ എന്ന ഈ മനുഷ്യൻ. ഈ ആൾ കെയിംബ്രിഡ്ജ് സർവ്വകലാശാലയിൽ പഠിച്ചു ചെറുപ്പത്തിൽതന്നെ ജനങ്ങളുടെ സ്നേഹബഹുമാനാദികൾക്ക് പാത്രീഭവിച്ചു. ൧൬൩൦-ൽ ബിഷപ്പിൽനിന്ന് ഇദ്ദേഹം പട്ടം ഏററു പത്തുകൊല്ലം ഹെർട്ട്ഫോർഡ്ഷയർ എന്ന സ്ഥലത്തു് താമസിച്ചു വേല ചെയ്തുകൊണ്ടിരുന്നു. അഭ്യാസബലമുള്ളവനും വിശേഷജ്ഞനുമായ ഒരു പ്രാസംഗികൻ എന്നുള്ള ബഹുമതി അദ്ദേഹത്തിനു ലഭിച്ചതു കൂടാതെ അദ്ദേഹത്തിൻെറ വേലകൊണ്ടു ബഹുജനങ്ങൾക്ക് നന്മയും ഉണ്ടായി. ൧൬൪൧-ൽ ബാൾഡോക്കിൽ കൂടിയ ഒരു സമ്മേളനത്തിൽ അവൻെറ ഹൃദയത്തെ ദീർഘകാലമായി വിഷമിപ്പിച്ചുകൊണ്ടിരുന്ന സംഗതികളെക്കുറിച്ച് തുറന്നു പറയുന്നതിന് അവൻ നിശ്ചയിച്ചു. അഭിപ്രായഭേദമുള്ളവരെ മതവൈരാഗ്യം നിമിത്തം പീഡിപ്പിക്കുക, പട്ടക്കാരുടെ ചീത്ത നടപടികൾ, ഇംഗ്ലീഷുസഭയിൽ അന്നുണ്ടായിരുന്ന ഉപദേശങ്ങളുടെയും ആരാധനാരീതികളുടെയും ദുഷിപ്പുകൾ ഇവയായിരുന്നു അവൻെറ പ്രസംഗവിഷയം. അവൻെറ ആധാരവാക്യം യോഹന്നാൻ ൫:൩൫ ആയിരുന്നു. അതായതു “അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു; നിങ്ങൾ അല്പസമയത്തേക്ക് അവൻെറ വെളിച്ചത്തിൽ ഉല്ലസിപ്പാൻ ഇച്ഛിച്ചു” ആകർഷകമായ ഒരു മുഖവുര പറഞ്ഞശേഷം മേല്പടി ദോഷങ്ങളെക്കുറിച്ചു വിവരമായി പ്രസംഗിക്കയും ഒരു നവീകരണം ആവശ്യമെന്നു ബലമായി വാദിക്കയും ചെയ്തു. ഈ കുറുക്കന്മാരെ തിരഞ്ഞു പിടിക്കുവാൻ ഉത്സാഹിക്കണമെന്നു അധികൃതന്മാരോട് ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു എന്നിങ്ങനെ അവൻ ഉൽഘോഷിച്ചു. ഭരണകർത്താക്കൾ നിഷ്ഠയുള്ളവരായിരുന്നെങ്കിൽ ചെന്നായ്ക്കളിൽനിന്നു മേഷം രക്ഷിക്കുന്നതുപോലെ ഈ ദുഷ്ടപട്ടക്കാരിൽനിന്ന് സഭയെ വിമോചിപ്പിക്കുമായിരുന്നു. എന്നാൽ സർവ്വശക്തൻെറ കല്പനകളെക്കാൾ മനുഷ്യപാരമ്പര്യങ്ങളെ അവർ ബഹുമാനിച്ചി

രുന്നതുകൊണ്ട് അതു് നിഷ്ഫലമായി.

ഇതു കഴിഞ്ഞു് അധികം താമസിയാതെ സഭാവിഷയമായുള്ള അവന്റെ പഠനം ഭേദപ്പെട്ടു. ഒരു ക്രിസ്തീയസ്നാനം വിശ്വാസത്തിന്റെ പിന്നാലെ നടക്കേണ്ടതാണ് എന്ന് അവനു ശക്തിയായ ബോധം ഉണ്ടായി. തൽഫലമായി ലണ്ടനിൽ ബൽതെലി എന്ന സ്ഥലത്തു് ഉള്ള സഭയുടെ അദ്ധ്യക്ഷം സ്വീകരിച്ചിരുന്ന തോമസ് ലാംബു എന്ന ആളാൽ അവൻ സ്നാനപ്പെടുത്തപ്പെട്ടു. ദൈവം അവനു കൊടുത്തിരുന്ന കൃപാവരങ്ങളെ സഭ അറിഞ്ഞു അവനെ ബഹുമാനിക്കയും അവന്റെ ദൂതുകളെ അംഗീകരിക്കയും ചെയ്തു. സഭയുടെ സഹായത്താൽ സ്റ്റാംഫോർഡ് ഷയർ, കെയിംബ്രിഡ്ജ് ഷയർ എന്നീ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിച്ചു വളരെ സഭകൾ സ്ഥാപിച്ചു. അത്ഭുതകരമായ ഫലങ്ങൾ ഈ വേലയിൽ ഉണ്ടാകനിമിത്തം പ്രസ്ബിറ്റീരിയൻ സഭാധികാരികൾക്കു കോപം ജനിച്ചു. അവർ അവനെ പിടിച്ചു കെയിംബ്രിഡ്ജിൽ തടവിൽ ഇട്ടു. ഇവന്റെ ഒരു സ്നേഹിതൻ മുഖാന്തിരം ഇവന്റെ സംഗതി പാർളിമെന്റിന് അറിവുകിട്ടി. തന്നിമിത്തം അവൻ വേറൊരു കാരാഗ്രഹത്തിലേക്കു മാറ്റപ്പെട്ടു. അവിടെ അവന് ഡോക്ടർ ഫിററ്ലി എന്നൊരു കൂട്ടുതടവുകാരനെ കിട്ടി. രാജാവിന്റെ പക്ഷക്കാരൻ എന്നുള്ള കുറ്റം ചുമത്തിയാണ് ഇയാളെ ബന്ധനത്തിൽ പാപ്പിച്ചിരുന്നതു്. ഈ ആൾ ആംഗ്ലിക്കൻ സഭാംഗമാണ്. മിസ്റ്റർ ഡെൻ വിശ്വാസസ്നാനത്തെ സംബന്ധിച്ച് ഒരു തർക്കം നടത്തുന്നതിനു തടവിൽ കിടന്നുകൊണ്ട് ഇദ്ദേഹത്തെ വെല്ലുവിളിച്ചു. അവർ അന്യോന്യം കൂട്ടിമുട്ടി. രസകരമായ ഒരു വാദസമരം നടന്നു. മുഴുവൻ തർക്കശാസ്ത്രാനുസരണമായിട്ടാണു നടന്നതു്. ഒടുവിൽ ഡാക്ടർ ക്ഷീണിച്ചു വാദത്തിൽനിന്നു പിൻമാറി. പിന്നെയും മിസ്റ്റർ ഡെൻ എഴുതിക്കൊണ്ടിരുന്നു. ഡാക്ടർ ഫിററ്ലിയുടെ "നിമജ്ജകന്മാരും നിമജ്ജനവും" എന്നുള്ള പ്രസിദ്ധ പുസ്തകത്തിൽ ഒരു മറുപടി പ്രസിദ്ധപ്പെടുത്തി.

തടവിൽനിന്ന് അവൻ അചിരേണ മോചിക്കപ്പെട്ട് കേംബ്രിഡ്ജ് ഷെയറിലുള്ള എൽററിസ്‌ലി എന്ന സ്ഥലത്തെ സഭയുടെ ശുശ്രൂഷകനായി നിയമിക്കപ്പെട്ടു. അവിടെനിന്ന് അവൻ നാനാഭാഗങ്ങളിലും സഞ്ചരിച്ചു സുവിശേഷപ്രസംഗം ചെയ്കയും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുകയും ചെയ്തുകൊണ്ടു കുറെനാൾ കഴിച്ചു. ൧൬൪൭-ൽ അവൻ കെൻറിലേക്കു പോയി. അവിടെ അവന്റെ വേല അസംഖ്യം ആത്മാക്കൾക്കു് അനുഗ്രഹമായിത്തീർന്നു.

എൽററിസ്‌ലിയിലുണ്ടായ ഭയങ്കരമായ എതിർപ്പുമൂലം അവൻ സ്ഥലം വിടാതെ നിവൃത്തി ഇല്ലെന്നു വന്നു. അനന്തരം അവൻ സൈന്യത്തിൽ പ്രവേശിച്ച് പല കൊല്ലങ്ങൾ കഴിച്ചു. എന്നാൽ സുവിശേഷവേല വിടാതെ അവൻ നടത്തിക്കൊണ്ടിരുന്നു. പാർലമെൻറുഭടന്മാരുടെ ഇടയിൽ പ്രാർത്ഥനയ്ക്കും പ്രസംഗത്തിനും മുഖ്യ സ്ഥാനമുണ്ടായിരുന്നു. പട്ടാളസംബന്ധമായ അവന്റെ പേർ കോർണററ്ഡൺ എന്നായിരുന്നു. എന്നാൽ അവന്റെ ചങ്ങാതിമാർ അവനെ പാഴ്സൺഡൻ എന്നായിരുന്നു വിളിച്ചുവന്നതു്. അവൻ യുദ്ധത്തിനു പോയിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. അവനേക്കു

റിച്ചു പിന്നീട്ടു കിട്ടുന്ന അറിവ് അവൻ ഒരു ശിപായിമത്സരത്തിൽ പങ്കെടുത്തു എന്നുള്ളതാണ്. ഈ ശിപായിമത്സരം ൧൬൪൯ മെയ് മാസത്തിലാണു നടന്നത്. ഇതിനു കാരണം അയർലണ്ടിന് എതിരായി യുദ്ധം ചെയ്യാനുള്ള മടിയും മററു ചില കാര്യങ്ങളുമായിരുന്നു. ഗവൺമെൻറു വേണ്ട നടപടികൾ നടത്തി ലഹള അമർച്ചചെയ്തു. മിസ്റ്റർ ഡെന്നിനേയും മററു മൂന്നുപേരേയും വെടിവെച്ചുകൊല്ലുവാൻ തീർപ്പുണ്ടായി. കോർനററ് ഡെൺ ധൈര്യത്തോടും പൌരുഷത്തോടും ആ തീർപ്പിനെ അംഗീകരിച്ചു. അതിൽ ദൈവത്തിൻെറ കയ്യുണ്ടായിരുന്നുവെന്നും മത്സരത്തിൽ പങ്കെടുത്തതിനാൽ തൻെറമേലുള്ള വിധി ന്യായമെന്ന് അവൻ സമ്മതിച്ചുപറഞ്ഞു. അന്തരത്തിൽ അവൻ ദോഷം കരുതിയിരുന്നില്ലെങ്കിലും മത്സരം മൂന്നുനാലുദിവസം കൂടി നീണ്ടുനിന്നിരുന്നെങ്കിൽ രാജ്യത്തിനു ഭയങ്കരനാശങ്ങൾ ഉണ്ടായേനെ എന്നുള്ള കാരണത്താൽ തൻെറ പ്രവൃത്തിയുടെ പിശക് അവനു ബോധപ്പെട്ടു. അവൻെറ കൂട്ടുകാരായ തോംസനെയും, ചർച്ചിനെയും, പെർക്കിൻസിനെയും വെടിവെച്ചു കൊന്നു. ഡെന്നിനെ വിളിച്ചപ്പോൾ അനുസരണഭാവത്തോടുകൂടിത്തന്നെ മരിക്കാൻ തയാറായിവന്നു. എന്നാൽ കൊലസ്ഥലത്തുവച്ച് അവനോടു ജനറാൻ സകലവും ക്ഷമിച്ചിരിക്കുന്നു എന്നുള്ള ആശ്വാസമൊഴി കേൾക്കുന്നതിനാണ് അവന് ഇടയായത്. അവൻ പൊട്ടിക്കരഞ്ഞുകൊണ്ട് ഇങ്ങിനെ പറഞ്ഞു: "ഇപ്രകാരമുള്ള ഒരു ദയയ്ക്കു ഞാൻ അശേഷം യോഗ്യനല്ല. മരിക്കുന്നതിനുള്ള ഭയത്തേക്കാൾ ജീവിക്കുന്നതിലുള്ള ലജ്ജയാണ് എനിക്കു മുന്നിട്ടുനിൽക്കുന്നത്." അതിൻെറ ശേഷം അവൻ തനിക്കു വന്നുപോയ അബദ്ധത്തെക്കുറിച്ചു പശ്ചാത്തപിച്ച് ഒരു ലഘുലേഖ പ്രസിദ്ധീകരിക്കയുണ്ടായി. ലഹള നീണ്ടുനിന്നിരുന്നെങ്കിൽ സംഭവിക്കാമായിരുന്ന ദോഷങ്ങളെക്കുറിച്ച് അതിൽ വ്യക്തമായി പറഞ്ഞുകാണുന്നു.

പിന്നീട് സൈന്യത്തിൽ അവൻ അധികനാൾ ഇരുന്നോ എന്നുതോന്നുന്നില്ല. 1653ൽ അവനെ ഫെൻസ്റ്റാൻറനിലെ സഭയുടെ അംഗമായിട്ടാണ് കാണുന്നത്. പ്രസ്തുത സഭയുടെ സമ്മേളനങ്ങളിൽ ഒന്നിൽ അവൻ ഇങ്ങനെ പ്രസംഗിക്കയുണ്ടായി. "സഹോദരന്മാരേ, മത്താ. ൨൮: ൧൯-ൽ കാണുന്ന നമ്മുടെ കർത്താവിൻെറ അന്ത്യസന്ദേശത്തെ നിങ്ങൾ ഒന്നു ചിന്തിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഈ വാക്യം നാം പലപ്പോഴും ചൊല്ലി വരുന്നതാണ്. എങ്കിലും അതിനെക്കുറിച്ച് മിക്കവാറും നാം ചിന്തിക്കുന്നില്ല. "പോയി സകല ജാതികളേയും ശിഷ്യരാക്കുക" എന്നുള്ള അതിൻെറ ആദ്യഭാഗവും "പോയി സകല സൃഷ്ടിക്കും സുവിശേഷത്തെ പ്രസംഗിപ്പിൻ" എന്നുള്ള മർക്കോസിൻെറ സുവിശേഷത്തിലെ വാക്യാംശവും മററെല്ലാ കല്പനകളും എന്നപോലെ നാം അനുസരിക്കേണ്ടതാകുന്നു. സുവിശേഷം അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ അതിനെ പരത്തുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാഗത്തു വലിയ തെററുണ്ട്. അനേക സ്ഥലങ്ങളിലും സുവിശേഷം അറിയിപ്പാൻ ആളില്ല. അതിൻെറ കാരണം നമ്മുടെ പേരിലാണെന്നാണ് എനിക്കു തോന്നുന്നത്."

ഇതിൻെറ ഫലമായി സുവിശേഷം അറിയിപ്പാൻ അവനേയും മററാരു

സഹോദരനേയും സ്ഥലം സഭ അയച്ചുയുണ്ടായി. പിറ്റേ ആണ്ടിൽ കെന്റിലും കാന്റർബറിയിലും വേലചെയ്തുകൊണ്ട് അവൻ താമസിച്ചു. സഭാംഗങ്ങൾക്ക തമ്മിൽ പ്രയാസമുള്ള കാര്യങ്ങൾ പറഞ്ഞുതീർക്കുന്നതിനു നടുവനായി വെക്കത്തക്കവണ്ണം സഭയ്ക്ക് അവൻ ഏറ്റവും അംഗീകാര്യനായിരുന്നു. യാത്രയ്ക്കുള്ള പണവും കേറിപ്പോകുവാൻ രണ്ടു കുതിരയും ഇവനും ഇവന്റെ കൂട്ടുവേലക്കാരനും കൊടുത്തു. ൧൬൪൭-ാമാണ്ട ഫെബ്രുവരി ൧൪-ാംനു കാന്റർബറിസഭ ഫെൻസ്റ്റാന്റൻ സഭയ്ക്കെഴുതിയ ഒരു കത്തിൽ "ഒരു നല്ല വെനവും ആവശ്യം പോലുള്ള പണവും കൊടുത്താണു ഞങ്ങൾ അദ്ദേഹത്തെ താമസിപ്പിച്ചിരിക്കുന്നത്." എന്നെഴുതിയിരിക്കുന്നു. സഹോദരന്മാരുടെ ഇടയിൽ അവൻ ഒരു "പ്രമാണപ്പെട്ട" പുരുഷനായിരുന്നു. ൧൬൫൮-ൽ അവനും ഡാക്ടർ ഗണ്ണിംഗുമായി സ്നാനത്തെക്കുറിച്ച് ഒരു തർക്കമുണ്ടായി. ഇദ്ദേഹം ആ കാലത്തെ കീർത്തിപ്പെട്ട ഒരു വൈദികനായിരുന്നു. പിന്നീട്ട് അദ്ദേഹം ചിച്ചസ്റ്ററിലെയും ഇലൈയിലെയും ബിഷോപ്പായിത്തീർന്നു. ഈ തർക്കം സെന്റ് ക്ലെമന്റ്സ് ഡെയിൻസ് എന്ന പള്ളിയിൽ വെച്ചാണു നടന്നത്. കേൾപ്പാൻ അനേകായിരം ആളുകൾ വന്നിരുന്നു. ഇതിന്റെ ഫലമായി തർക്കം നടത്തുവാൻ ഇരുഭാഗക്കാരേയും ഉത്സാഹിപ്പിച്ച പ്രേഡി വിശ്വാസസ്നാനം സ്വീകരിച്ചു. മിസ്റ്റർ ഡന്നിന്റെ ന്യായങ്ങൾ അവളുടെ സംശയങ്ങളെയും പരിഹരിക്കയാലാണ് അവൾ ഉടൻ സ്നാനപ്പെട്ടത്.

ഇതിന്റെ ശേഷം മിസ്റ്റർ ഡൻ രണ്ടു ലഘുലേഖകൾ എഴുതുകയുണ്ടായി എന്നുള്ളതല്ലാതെ അതിൽപരമായി ഒന്നും അവനേക്കുറിച്ച് അറിവാൻ മാർഗ്ഗമില്ല. വെന്നർ ലഹളയുടെ പിന്നാലെ ഗവമെന്റിനു കൊടുത്ത ഒരു ഹർജിയിൽ അവന്റെ കയ്യൊപ്പുകൂടി കാണുന്നുണ്ട്. അവൻ ൧൬൭൨-ൽ മരിച്ചതായി ക്രോസ്ബി എന്ന ചരിത്രകാരൻ ഊഹിക്കുന്നു. ആംഗ്ലിക്കൻ സഭയിലെ ഒരു പട്ടക്കാരൻ മിസ്റ്റർ ഡന്നിന്റെ കല്ലറയ്ക്കു മീതെ താഴെ പറയുംപ്രകാരം ഒരു ചരമലേഖനം എഴുതിവെച്ചു:

"അവന്റെ ജ്ഞാനത്തെക്കുറിച്ചോ പഠിപ്പിനെക്കുറിച്ചോ മനുഷ്യരോടുള്ള അവന്റെ ദാക്ഷിണ്യപൂർവ്വമായ പെരുമാറ്റങ്ങളെക്കുറിച്ചോ ഞാൻ അധികം പറയേണ്ട ആവശ്യമില്ല. ചുരുക്കുന്നതായാൽ ഹെന്റി ഡൺ ഇവിടെ വിശ്രമിക്കുന്നു."

മുന്നൂറു കൊല്ലം മുൻപു ജീവിച്ചിരുന്ന ഒരു നവീകരണവീരന്റെ ചരിത്രസംക്ഷേപമാണ് ഇവിടെ കാണിച്ചിട്ടുള്ളത്. ഇദ്ദേഹത്തെക്കുറിച്ചു കൂടുതൽ അറിവു കിട്ടിയെങ്കിൽ കൊള്ളായിരുന്നുവെന്ന് നാം ആഗ്രഹിക്കാതിരിക്കയില്ല. വലിയ പ്രക്ഷോഭങ്ങളുടെ നടുവിൽ ജീവിച്ചിരുന്ന ഇദ്ദേഹം ആ കാലത്തെ വിശ്വാസവീരന്മാരാകുന്ന നക്ഷത്രങ്ങളുടെ മദ്ധ്യേ തിളങ്ങിക്കൊണ്ടിരുന്ന ഒരു ജ്യോതിസ്സുതന്നെ സംശയമില്ല.

അശേഷം യോഗ്യനല്ല. മരിക്കുന്നതി നുള്ള ധൈര്യത്തേക്കാൾ ജീവിക്കുന്നതില്ല

അറിയിപ്പാൻ അവനേയും മറ്റൊരു

# വിശുദ്ധന്മാരുടെ നിലനിൽപ്പ് എങ്ങിനെ? *

[സി. എച്ച്. സ്പർജൻ]

കോരിന്തിലുള്ള സഹോദരന്മാരുടെ നിലനില്പിനെക്കുറിച്ചു പൌലൊസിനുണ്ടായിരുന്ന ഉറപ്പ്, തങ്ങളുടെ ഭാവിയെക്കുറിച്ചു ഭയപ്പെടുന്ന വിശ്വാസികൾക്ക് ആശ്വാസപരിപൂർണ്ണമായിട്ടുള്ളതാണ്. എന്നാൽ തന്റെ സഹോദരന്മാർ അന്ത്യത്തോളം നിൽക്കും എന്നു അവൻ വിശ്വസിപ്പാനുള്ള ഹേതു എന്തെന്നു നോക്കാം.

അതിലേക്കുള്ള ന്യായങ്ങൾ അവൻ കൊടുത്തിരിക്കുന്നതു താഴെ വരുന്ന വാക്യത്തിലാണ്.

“തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ.” ൧ കോറി ൧: ൯.

“നിങ്ങൾ വിശ്വസ്തന്മാർ” എന്ന് ഇവിടെ അപ്പോസ്തലൻ പറയുന്നില്ല. കാരണം മനുഷ്യന്റെ വിശ്വസ്തതയിൽ ആശ്രയിപ്പാൻ തീരെ പാടില്ല. മനുഷ്യവിശ്വസ്തത വെറും മായയത്രേ. “നിങ്ങളെ നടത്തുവാനും വഴി കാണിപ്പാനും നിങ്ങൾക്കു വിശ്വസ്തന്മാരായ ശുശ്രൂഷകന്മാർ ഉണ്ട്. അതുകൊണ്ടു നിങ്ങൾ നിർബാധരാണെന്നു ഞാൻ വിശ്വസിക്കുന്നു” എന്നു അവൻ പറയുന്നില്ല. മനുഷ്യരാൽ നാം സൂക്ഷിക്കപ്പെടുന്നെങ്കിൽ ആ സൂക്ഷം ഭംഗമുള്ളതായിരിക്കും. “ദൈവം വിശ്വസ്തൻ” എന്നാണ് അവൻ പറയുന്നതു. നമുക്കു വിശ്വസ്തതയുള്ളതായി വല്ലപ്പോഴും നമുക്കു തോന്നുന്നെങ്കിൽ അതു ദൈവം വിശ്വസ്തനായിരിക്ക നിമിത്തമാണെന്നറിയേണ്ടതാണ്. നമ്മുടെ ഉടമ്പടിയിൽ നാം വിശ്വസ്തരായിരിക്കണമെങ്കിൽ നമ്മുടെ രക്ഷാഭാരം മുഴുവൻ ദൈവത്തിൽ ഇരിക്കേണ്ടതാണ്. ദൈവത്തിന്റെ വിശ്വസ്തത എന്ന മഹാഗുണത്തിന്മേലാണ് സംഗതികൾ തിരിയുന്നതു. നാം കാറ്റുപോലെ മാറിത്തിരിയുന്നവരും ചിലന്തിവലപോലെ ഭംഗപ്പെടുന്നവരും വെള്ളംപോലെ അസ്ഥിരന്മാരും ആകുന്നു. നമ്മുടെ സ്വാഭാവിക ഗുണങ്ങളേയോ നമ്മുടെ ആത്മിക പ്രാപ്തിയേയോ ആശ്രയിച്ചുകൂടാ. ദൈവം സ്നേഹത്തിൽ വിശ്വസ്തനാണ്. മാററമോ മറിച്ചിലിന്റെ നിഴലോ അവനിൽ ഇല്ല. ഉദ്ദേശത്തിൽ അവൻ വിശ്വസ്തൻ. ഒരു പ്രവൃത്തി ആരംഭിച്ചിട്ടു അതിനെ വിട്ടുകളകയില്ല. തനിക്കുള്ളവരെ സംബന്ധിച്ചിടത്തോളം അവൻ വിശ്വസ്തനാകുന്നു. ഒരു പിതാവെന്ന നിലയിൽ അവൻ തന്റെ കുഞ്ഞുങ്ങളെ ഉപേക്ഷിക്കയില്ല. ഒരു സ്നേഹിതൻ എന്ന മുറയ്ക്കു തന്റെ ജനത്തെ തള്ളിപ്പാകയില്ല. ഒരു സ്രഷ്ടാവെന്ന മുറയ്ക്കു തന്റെ കൈകളുടെ പ്രവൃത്തിയെ അവൻ നിരസിക്കയില്ല. തന്റെ വാഗ്ദാനങ്ങളിൽ അവൻ വിശ്വസ്തൻ. അവയിൽ ഒന്നെങ്കിലും, ഒററ വിശ്വാസിക്കെങ്കിലും നിഷ്ഫലമായി വരുവാൻ അവൻ അനുവദിക്കയില്ല. ദൈവം തന്റെ ഉടമ്പടിയിൽ വിശ്വസ്തൻ. അവൻ ക്രിസ്തുയേശുവിലൂടെ ഈ ഉടമ്പടി രൂപവൽക്കരിച്ചതു. തന്റെ ബലിരക്തംകൊണ്ടു അതിനെ ഉറപ്പാക്കിയും ഇരിക്കുന്നു. അവൻ തന്റെ പുത്രന്റെ നേരെ വിശ്വസ്തൻ. തന്റെ വിലയേ

* All of Grace എന്ന പുസ്തകത്തിലെ പ്രസംഗത്തിന്റെ പരിഭാഷ:—

റിയ രക്തം ചിന്തിയതു വ്യർത്ഥമാക്കുവാൻ അവൻ സമ്മതിക്കയില്ല. ആർക്കായിട്ട് അവൻ നിത്യജീവനെ വാഗ്ദാനം ചെയ്തുവോ അവരെ സംബന്ധിച്ച്, അവൻ വിശ്വസ്തനായി നിൽക്കുന്നു. അവരിൽ നിന്നു അവൻ തിരിഞ്ഞുകളകയില്ല.

അന്ത്യംവരെ നിൽക്കുമെന്നുള്ള നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും മൂലക്കല്ലും ദൈവത്തിന്റെ വിശ്വസ്തതയാകുന്നു. ദൈവം കൃപയിൽ സ്ഥിരനായിരിക്കുന്നതുകൊണ്ട് വിശ്വാസികളും വിശുദ്ധിയിൽ സ്ഥിരരായിരിക്കും. അവൻ അവരെ അനുഗ്രഹിച്ചുകൊണ്ടേ ഇരിക്കും. അതുകൊണ്ടു വിശ്വാസികളും അനുഗ്രഹിക്കപ്പെട്ടതന്നെ ഇരിക്കും. തന്റെ ജനത്തെ അവൻ തുടർന്നുകാത്തുകൊണ്ടിരിക്കും. അതുകൊണ്ടു അവരും തന്റെ കല്പനകളെ തുടർന്നു പ്രമാണിച്ചുകൊണ്ടിരിക്കും. വിശ്രമിപ്പാനുള്ള ഉത്തമവും ഉറപ്പുമായ അസ്ഥാനം ഇതത്രേ. എല്ലാം കൃപ (all of grace) എന്നുള്ള ഈ ചെറു പുസ്തകത്തിന്റെ മുദ്രാവാക്യത്തോട് അതു സന്തോഷകരമാംവണ്ണം യോജിക്കുന്നു. രക്ഷയുടെ അരുണോദയത്തിൽ കിലുങ്ങിക്കൊണ്ടിരിക്കുന്ന മണി സൗജന്യകൃപയും അനന്തസ്നേഹവുമാകുന്നു. ഈ മധുരതരമായ മണിച്ചൽ കൃപാകാലമൊട്ടുക്ക മധുരമായി ധ്വനിക്കും.

നാം അവസാനത്തോളം നിലനിൽക്കുമെന്നും ഒടുവിൽ കുററമില്ലാത്തവരായി കണ്ടെത്തപ്പെടുമെന്നും പ്രത്യാശിക്കുന്നതിനുള്ള കാരണങ്ങൾ പ്രധാനമായി ദൈവം ചെയ്തിട്ടുള്ള പ്രവൃത്തിയിൽ അടങ്ങിക്കിടക്കുന്നു. അവനു തിരഞ്ഞെടുക്കുവാൻ പാടില്ലാത്തവിധം നമ്മെ അനുഗ്രഹിക്കുന്നതിൽ അവൻ ഇത്ര ദൂരം വന്നിരിക്കുന്നു. തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് അവൻ നമ്മെ വിളിച്ചിരിക്കുന്നു എന്നാണല്ലോ പൌലോസ് നമ്മെ ഓർപ്പിക്കുന്നത്. അവൻ നമ്മെ വിളിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിളിക്ക വിപരീതമായി സംഭവിക്കാൻ ഇടവില്ല. കാരണം, ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ല. റോമ. ൧൧:൨൯. കർത്താവു തന്റെ കരുണയുടെ സഫലമായ വിളിയിൽ നിന്നു പിന്തിരിയുന്നില്ല. അവൻ വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ തേജസ്കരിച്ചു. ദൈവനടപടിയുടെ മാററം വരാത്തപ്രമാണമാകുന്നു ഇത്. ഒരു പൊതുവിളിയുണ്ട്. അതിനെക്കുറിച്ചാണ് "വിളിക്കപ്പെട്ടവർ അനേകർ; തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം" എന്നു പറയുന്നത്. എന്നാൽ നാം ഇപ്പോൾ ചിന്തിക്കുന്നതു മറെറാരു വിളിയെക്കുറിച്ചാണ്. അതു ഒരു പ്രത്യേക സ്നേഹത്തിന്റെ വിളിയത്രേ. കൂടാതെ എന്തൊന്നിനായി നാം വിളിക്കപ്പെട്ടുവോ ആ ഉന്നതാവസ്ഥ നമ്മുടെ കയ്യിൽ കിട്ടി, എന്നുള്ളതിനെ ഇതു ദൃഢീകരിക്കയും ചെയ്യുന്നു. ഈ വിധം വിളിക്കപ്പെട്ടവൻ അബ്രഹാമിന്റെ സന്തതിയെപ്പോലെ വിളിക്കപ്പെട്ടവനാണ്. അബ്രഹാമിന്റെ സന്തതിയെക്കുറിച്ചു യഹോവ പറയുന്നതാവിത്: "നീ എന്റെ ദാസൻ ഞാൻ നിന്നെ നിരസിച്ചു കളയാതെ തിരഞ്ഞെടുത്തിരിക്കുന്നു". യശ. ൪൧:൯.

കർത്താവു നമുക്കുവേണ്ടി ചെയ്തിട്ടുള്ളതിൽ നമ്മുടെ പരിപാലനത്തിനും ഭാവി മഹിമയ്ക്കും വേണ്ടിയുള്ള ബലമായ ഉറപ്പുകൾ നാം കാണുന്നുണ്ട്. കാരണം, അവന്റെ പുത്രനായ യേശു

ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കത്രെ നമ്മെ വിളിച്ചിരിക്കുന്നതു്. കൂട്ടായ്മ എന്നുള്ളതിന്റെ അർത്ഥം യേശുക്രിസ്തുവുമായി പങ്കു പ്രാപിക്ക എന്നുള്ളതാകുന്നു. നിങ്ങൾ ദൈവകരുണയാൽ വിളിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ എല്ലാററിലും അവനോടു കൂട്ടവകാശികളായിരിപ്പാൻ അത്രേ വിളിക്കപ്പെട്ടിരിക്കുന്നതു്. ഇതിനാൽ അത്യുന്നതന്റെ കാഴ്ചയിൽ നിങ്ങൾ ക്രിസ്തുവിനോടു ഒന്നാകുന്നു. നിങ്ങൾ ക്രിസ്തുവിനുള്ളവർ, ക്രിസ്തു നിങ്ങൾക്കുള്ളവൻ. ആദാം തന്റെ സന്തതിക്കു പ്രതിനിധിയായി നിൽക്കുംപോലെ യേശുവും തനിക്കുള്ളവരായ എല്ലാവർക്കും പ്രതിനിധിയായി നിൽക്കുന്നു. ഭർത്താവും ഭാര്യയും ഒന്നായിരിക്കുംപോലെ യേശുവും തനിക്കുള്ളവരും ഒന്നാക്കപ്പെട്ടിരിക്കുന്നു. ഈ ഐക്യത്തിനു ഭംഗമുണ്ടാവാൻ പാടില്ല. കൂടാതെ വിശ്വാസികൾ ക്രിസ്തുശരീരത്തിന്റെ അംഗങ്ങളാണ്. സ്നേഹമുള്ളതും ജീവനുള്ളതും നിലനിൽക്കുന്നതുമായ യോജിപ്പിനാൽ അവനോടു നാം യോജിപ്പിക്കപ്പെട്ടിരിക്കുന്നു. അവനിൽനിന്നു അകന്നുപോയാൽ നാം നാശയോഗ്യന്മാർ. അവനോടു പററിച്ചേരുന്നതായാൽ നിത്യജീവന്റെ അവകാശികൾ.

ക്രിസ്തുവുമായി നിനക്കുള്ള സഹഭാഗിത്വത്തെക്കുറിച്ചു ചിന്തിക്ക. നിന്റെ പ്രത്യാശയെല്ലാം അവിടെയാണ്. യേശു ധനികനെങ്കിൽ നീ ഒരിക്കലും ദരിദ്രനാകയില്ല. സ്വർഗ്ഗത്തിനും ഭൂമിക്കും ഉടമസ്ഥൻ നിന്റെ സഹഭാഗിയായിരിക്കുമ്പോൾ നിന്നെ ബുദ്ധിമുട്ടു തീണ്ടുന്നതെങ്ങിനെ? ഒരു പള്ളിയിലെ എലിപോലെ നീ തീരെ ദരിദ്രനും പാപ്പരുമായിരുന്നാലും മറെറ പങ്കുകാരൻ മഹാധനവാനത്രെ. ഈ ധനവാനോടുള്ള പങ്കിനാൽ വീഴാത്ത ഭദ്രതയുടെ സ്ഥാനത്തേക്കു നീ ഉയർത്തപ്പെട്ടിരിക്കുന്നു.

ക്രിസ്തുവും വിശ്വാസിയും ഒരേ ബോട്ടിലാണ് യാത്രചെയ്യുന്നതു്. യേശു മുങ്ങിപ്പോയാലല്ലാതെ വിശ്വാസിക്കു മുങ്ങിപ്പോകാൻ കഴികയില്ല.

അതിനാൽ യേശുവിനോടു നിത്യമായി നാം ഘടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ബോധത്തിൽ അജ്ഞാതമായ ഭൂമിയിലേക്കു നടന്നുപോക. അങ്ങിനെ ചെയ്യുന്നതായാൽ മരുഭൂമിയിൽനിന്നു തന്റെ പ്രിയന്റെമേൽ ചാരി വരുന്ന ഇവൾ ആർ? എന്ന് ലോകം ആർത്തട്ടഹാസിക്കും, അതു കേൾക്കുന്നതു നമുക്കു വളരെ സന്തോഷം. അതിനാൽ നാം അധികമധികമായി അവനിൽ ചാരി പോകുക. നമ്മുടെ വിശ്വസ്തനായ ദൈവം പൊങ്ങി ഒഴുകുന്ന സന്തോഷത്തിന്റെ കിണറാകുന്നു. ദൈവപുത്രനോടുകൂടിയുള്ള നമ്മുടെ കൂട്ടായ്മ സന്തോഷനദിയത്രെ. ഈ അറിവു നമുക്കുണ്ടെങ്കിൽ അധൈര്യത്തിന് അവകാശമില്ല. “ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർതിരിക്കുന്നതാർ?” എന്നു പൌലൂസിനോടു ചേർന്നു വിളിച്ചുപറവാൻ നമുക്കു കഴിയും.

# ക്രിസ്തുവിന്റെ അൽഭുതവചനം

(മിഷ്യനറി ഇ. എച്ച്. നോയൽ)

സൃഷ്ടി ദൈവമഹത്വത്തെ പ്രസ്താവിക്കുന്നു. എന്നാൽ വീണ്ടെടുപ്പു ക്രിസ്തുവിന്റെ മഹത്വത്തെയത്രെ ഘോഷിക്കുന്നതു്. കർത്താവായ യേശുവിന്റെ വീണ്ടെടുപ്പിൻപ്രവൃത്തി ശിക്ഷാവിധിക്കു കീഴിൽകിടന്ന പാപികളായ നമ്മുടെ ആവശ്യം നിറവേററിയിരിക്കുന്നു. ആ വേലയാൽ ദൈവം തേജസ്സ്വീകരിക്കപ്പെട്ടു. തന്നിമിത്തം നമ്മുടെ മനസ്സാക്ഷിക്കു പൂർണ്ണമായ സമാധാനമുണ്ടു്. എന്നാൽ നമ്മുടെ ഹൃദയത്തിലെ പ്രേമശക്തിക്ക് ഒരു ആളിന്റെ ആവശ്യമുണ്ടു്. താദൃശനായ ഒരു ദിവ്യപുരുഷനെ കിട്ടിയെങ്കിലല്ലാതെ മനസ്സാക്ഷിക്കു തൃപ്തിയുണ്ടാകയില്ല. ദൈവം തന്റെ പ്രിയപുത്രനെ നമുക്കായി തന്നപ്പോൾ ഇതിന്റെ നിവൃത്തിമാർഗ്ഗവും അടക്കി വെച്ചിട്ടുണ്ടു്.

സങ്കീ. ൪൫: ൨-ൽ ക്രിസ്തുവിന്റെ അധരങ്ങളിൽ ലാവണ്യം പകർന്നിരിക്കുന്നതായി പറയപ്പെട്ടിരിക്കുന്നു. അവന്റെ ശുശ്രൂഷ അവൻ ആരംഭിച്ചതു് എത്ര മോഹനമായ വിധത്തിലാണ്. മത്താ. ൫-ാം. നോക്കുക അനുഗ്രഹത്തിലാണു തുടങ്ങുന്നതു്. മുഴുവൻ അനുഗ്രഹം തന്നെ.

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ
ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ
സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ
നീതിക്കു വിശന്നുദാഹിക്കുന്നവർ ഭാഗ്യവാന്മാർ
കരുണയുള്ളവർഭാഗ്യവാന്മാർ—ഇത്യാദി

മഹിമാസനത്തിലുള്ള തന്റെ ഇരിപ്പിനുവേണ്ടി ഈ ഭൂമിയെ വിട്ടപ്പോൾ കൈകൾ ഉയർത്തിയാണ് അവൻ ആരോഹണം ചെയ്തതു്. അപ്പോഴും ആ കൈകൾകൊണ്ടുതന്നെ തന്റെ ജനത്തെ അനുഗ്രഹിച്ചു. ലൂക്കോ ൨൪: ൫൦.

അവനെ കൊല്ലുവാൻ ശ്രമിച്ച ഗലീലയിലെ ഏക നഗരമായ നസറേത്തിൽ അവനെ കാണുക. ഈ നഗരത്തെക്കുറിച്ച് അതിൽ നിന്നു വല്ല നന്മയും വരുമോ എന്നു പൊതുജനം സംശയിക്കത്തക്കവണ്ണം ഈ നഗരം ദുഷ്കീർത്തിമത്തായിരുന്നു. യോഹ. ൧: ൪൬.

അവൻ അവിടെയുള്ള പ്രാർത്ഥനാലയത്തിൽ പ്രവേശിച്ച് ദൈവവചനത്തിന്റെ മധുരതരമായ ഒരു ഭാഗം വായിക്കയുണ്ടായി. യശ. ൬൧: ൧,൨. ആ ഭാഗം ഇതായിരുന്നു. "എളിയവരോടു സുവർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു് യഹോവയായ കർത്താവിന്റെ ആത്മാവു് എന്റെമേൽ ഇരിക്കുന്നു......" അവിടെ പറഞ്ഞിരിക്കുന്ന പ്രതികാരത്തെ സംബന്ധിച്ചുള്ള പ്രസ്താവന വായിക്കാതെ അങ്കശ ചിഹ്നം വന്ന ഇടത്തുതന്നെ നിർത്തി പുസ്തകം അടച്ചുകളഞ്ഞു. ലൂക്കോ. ൪: ൨൦. അനന്തരം അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യ വാക്കുകളാൽ ശ്രോതാക്കൾ വിസ്മയഭരിതരായി എന്നു പറഞ്ഞു കാണുന്നു.

അവന്റെ പാദത്തിങ്കൽനിന്ന് അനുതാപക്കണ്ണുനീർ ഒഴുക്കിക്കൊണ്ടിരുന്നതായി (ലൂക്കാ. 7-ാം) പറയുന്ന സാധുവായ പാപിനി, ആ അദ്ധ്യായത്തിൽ തന്നെ കാണുന്ന നയീനിലെ വിധവ, പക്ഷേ പാപത്തിന്റെ ഫ

ഭയമായി പക്ഷവാതം പിടിച്ചു കഷ്ടപ്പെട്ടുകൊണ്ടിരുന്ന മനുഷ്യൻ, (മത്താ. ൯ അ) കാററടിച്ചിളകിയ കടലിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ശിഷ്യന്മാർ, (യോഹ. ൬: ൨൦) വ്യഭിചാരത്തിൽ കണ്ടുപിടിക്കപ്പെട്ട സ്ത്രീ (യോഹ. ൮ അ) എന്നിവരും മററനേകരും. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല." എന്നു സാക്ഷിപ്പെടുത്തിയിട്ടുള്ളതും അവന്റെ മധുരവാക്കുകൾ നിമിത്തമാണ്. യോഹ. ൭: ൪൬.

താൻ കുരിശിക്കപ്പെട്ടപ്പോഴും ഘാതകന്മാർ ആണി അടിച്ചപ്പോഴും ജനങ്ങൾ തന്നെ ദൂഷിച്ച് ദൈവദ്രോഹമായി സംസാരിച്ചപ്പോഴും അവൻ എന്തുചെയ്തു എന്ന് ആലോചിക്കുക. ഈ ഭയങ്കര ഘട്ടങ്ങളിൽ അവൻ ഉച്ചരിച്ചിട്ടുള്ള വാക്കുകൾ ൧൨ ലഗ്യോൻ സൈന്യങ്ങളെ പിതാവ് അയച്ചുതരണമെന്നുള്ള അപേക്ഷയല്ലായിരുന്നു. പിന്നെയോ, പിതാവെ, അവരോടു ക്ഷമിക്കണമേ എന്നുള്ള ആർദ്രമായ പ്രാർത്ഥനയായിരുന്നു. "അവന്റെ വചനങ്ങൾ എത്ര മധുരം" എന്ന മൊഴികൾ എത്രമാത്രം യഥാർത്ഥമായിരിക്കുന്നു.

കൂടാതെ തന്റെ പുനരുത്ഥാനത്തിനുശേഷം തെററിപ്പോയ തന്റെ അനുചരനായ പത്രോസിനോടു ഇടപെട്ട ശാന്തമായ രീതിയെ വിചാരിച്ചുനോക്കുക. അവൻ തെററി ചുളിച്ച് നോക്കുകയാകട്ടെ നിന്ദാവാക്കുകൾ ഒന്നും പറകയാകട്ടെ ചെയ്തില്ല. എന്നാൽ യോനായുടെ പുത്രനായ ശിമോനേ നീ എന്നെ സ്നേഹിക്കുന്നുവോ? എന്റെ പിന്നാലെ വരിക എന്നിങ്ങനെ (യോഹ. ൨൧ അ) അവന്റെ ഹൃദയത്തിൽ ഉറങ്ങത്തക്കവണ്ണം മൂന്നു പ്രാവശ്യം നമ്മുടെ രക്ഷിതാവ് അവനോടു സംസാരിച്ചു. അവൻ മഹത്വത്തിൽ ആയശേഷവും അവന്റെ വാക്കുകൾ ഈ വിധമായിരുന്നു. തന്റെ ദാസനായ പൗലൊസിനോട് പറഞ്ഞതു് ഈവിധമായിരുന്നു. "നീ ഭയപ്പെടാതെ പ്രസംഗിക്ക; മിണ്ടാതിരിക്കരുതു്; ഞാൻ നിന്നോടുകൂടെ ഉണ്ടു്; ആരും നിന്നെ കയ്യേററം ചെയ്തു ദോഷപ്പെടുത്തുകയില്ല" പ്രവൃ. ൧൮: ൯. തന്റെ രക്തത്താൽ പരിശുദ്ധരായിത്തീർന്ന ഓരോരുത്തരോടും അവൻ വാത്സല്യപൂർവ്വം ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്നു. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എബ്രാ. ൧൩: ൫.

വിശുദ്ധ വേദപുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിൽ "യേശു എന്ന ഞാൻ" എന്നിങ്ങനെ തന്നെ നമുക്കു കാണിച്ചുതരുന്നു. നമ്മുടെ സ്നേഹിതനും രക്ഷിതാവുമായിട്ട് അവനെ മാത്രമെ നാം അറിയുന്നുള്ളു. ഭൂമിയിൽ പാർക്കുന്ന തന്റെ സഭയ്ക്കുള്ള അവന്റെ സ്നേഹപൂർണ്ണമായ അന്ത്യസന്ദേശം അവൻ പറയുന്നതായി താഴെവരുന്ന വാചകത്തിൽ അടങ്ങിയിരിക്കുന്നു. അതായതു്, "അതെ, ഞാൻ വരുന്നു."

അവന്റെ വാക്കുകൾ വാസ്തവത്തിൽ മനോഹരമാകുന്നു. എല്ലാ ഘട്ടത്തിലും അങ്ങിനെ തന്നെ. അവന്റെ വാഴ്ത്തപ്പെട്ട അധരങ്ങളിൽനിന്നു കൃപ പൊഴിഞ്ഞുകൊണ്ടിരിക്കുന്നു. കാരണം അവൻ കൃപയും സത്യവും നിറഞ്ഞവനായിരുന്നു.

അവൻ ഇപ്പോഴും അതെ യേശുതന്നെ. "യേശു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻതന്നെ." എബ്രാ. ൧൩: ൮.

# വേദാധ്യയനം.

## ക്രിസ്തുവിന്റെ രക്തം.

എവിടെ രക്തമില്ലയോ അവിടെ രക്ഷയുമില്ല. സ്വർഗ്ഗത്തേക്കു പോകുവാനുള്ള പാസ്പോർട്ടു കുഞ്ഞാടിന്റെ രക്തമത്രേ. വരുവാനുള്ള കോപത്തിൽനിന്നു വിടുവിപ്പാൻ രക്തത്തിനല്ലാതെ കഴികയില്ല. തന്റെ വചനത്തിൽ ൪൦൦ ലധികം പ്രാവശ്യം രക്തത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ ദൈവദൃഷ്ടിയിൽ അതിനുള്ള പ്രാധാന്യം ഒരുവിധം മനസ്സിലാക്കാവുന്നതാണു്.

പാപപരിഹാരമാർഗ്ഗമായി ക്രിസ്തുവിന്റെ രക്തം ഒരാൾ അംഗീകരിക്കുന്നുവെങ്കിൽ സംശയരഹിതമായും പരിപൂർണ്ണമായും നിത്യമായും അയാൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. രക്തത്തിന്റെ വിലയറിക എന്നുള്ളതിനേക്കാൾ പാപത്തോടു് എതിർത്തുനില്പാൻ വേറെ യാതൊരു ഉപകരണവും കാണുന്നില്ല.

൧. ക്രിസ്തുവിന്റെ രക്തം വിശ്വാസിയുടെ വീണ്ടെടുപ്പിന്റെ വിലയാകുന്നു.

പ്രവൃ. ൨൦:൨൮. സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്നു.

ഏഫെ. ൧: ൭ അവന്റെ രക്തത്താൽ വീണ്ടെടുപ്പു്. കൊലൊ. ൧: ൧൪

൧ പത്രൊ ൧:൧൮,൧൯. ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടു്.

വെളി. ൫: ൯. രക്തംകൊണ്ടു വിലയ്ക്കുവാങ്ങി.

൨. ക്രിസ്തുവിന്റെ രക്തം വിശ്വാസിയുടെ പാപമോചനത്തിന്റെ അടിസ്ഥാനമാകുന്നു.

ഏഫെ. ൧: ൭ അവന്റെ രക്തത്താൽ.

കൊലൊ. ൧: ൧൪.

ഏബ്രാ. ൯: ൨൨ രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.

മോചനം ഉടനെ ലഭിക്കാവുന്നതും മുഴുവനായി ലഭിക്കാവുന്നതുമാകുന്നു. "എല്ലാ അതിക്രമങ്ങളും" കൊലൊ. ൨: ൧൩.

൩. ക്രിസ്തുവിന്റെ രക്തം വിശ്വാസികളുടെ നീതീകരണത്തിന്റെ അടിസ്ഥാനമാകുന്നു.

റോമ. ൫: ൮, ൯

൧. രക്തത്താൽ ഇതു് അതിന്റെ അടിസ്ഥാനം

റോമ. ൫: ൯. അവന്റെ രക്തത്താൽ

൨. വിശ്വാസത്താൽ ഇതു് അതിന്റെ മുഖാന്തരം

റോമ. ൫: ൧. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു്

൩. ക്രിസ്തുവിന്റെ ഉയിർപ്പിനാൽ ഇതു് അതിനുള്ള തെളിവു്

റോമ. ൪: ൨൫. നീതീകരണത്തിന്നായി ഉയിർപ്പിക്കപ്പെട്ടു. നീതീകരണം, വീണ്ടെടുപ്പു, പാപമോചനം ഇവ ഇപ്പോൾതന്നെ ലഭിക്കാവുന്ന അനുഗ്രഹങ്ങളാകുന്നു.

൪. ക്രിസ്തുവിന്റെ രക്തം വിശ്വാസിയുടെ സമാധാനത്തിന്റെ അടിസ്ഥാനമാകുന്നു.

ദൈവവുമായി സമാധാനമുണ്ടാക്കുവാൻ നമ്മാൽ കഴികയില്ല. യേശുവിന്റെ രക്തം അതുണ്ടാക്കിയിരിക്കുന്നു. നാം കൈക്കൊൾക മാത്രം ചെയ്താൽ മതി.

കൊലൊ. ൧: ൨൦. രക്തം കൊണ്ടു സമാധാനമുണ്ടാക്കി.

റോമ. ൫: ൧. സമാധാനമുണ്ട്.

൭. ക്രിസ്തുവിന്റെ രക്തം ശുദ്ധീകരണത്തിന്റെ അടിസ്ഥാനമാകുന്നു.

൧ യോഹ. ൧: ൭ സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

വെളി. ൧: ൫. തന്റെ രക്തത്താൽ കഴുകി. (ഭൂതകാലം)

൮. ക്രിസ്തുവിന്റെ രക്തം വിശ്വാസികൾ ദൈവത്തോട്ട് അടുത്തു ചെല്ലുന്നതിനുള്ള മാൎഗ്ഗമാകുന്നു.

എഫെ. ൨: ൧൩. സമീപസ്ഥരായിത്തീൎന്നു.

എബ്രാ. ൧൦: ൧൯. വിശുദ്ധമന്ദിരത്തിലേക്ക്

൯. ക്രിസ്തുവിന്റെ രക്തം ക്രിസ്തീയ കൂട്ടായ്മയുടെ അടിസ്ഥാനമാകുന്നു.

൧ കൊരി. ൧൦: ൧൬, ൧൭.

---

# ധ്യാനമഞ്ജരി.

## പുറപ്പാട്ടുപുസ്തകം

## (C. H. M.)

### അദ്ധ്യായം ൩.

നമുക്ക വീണ്ടും മോശയുടെ ചരിത്രമെടുത്തു് അവന്റെ ഏകാന്തനിവാസകാലത്തെ സ്ഥിതിയെക്കുറിച്ചു ചിന്തിക്കാം. ഇതു് അവന്റെ ജീവിതപ്രാരംഭത്തിലുള്ള നാല്പതു വിശിഷ്ടവൎഷങ്ങളെ അടക്കുന്നു. ഈ കാലയളവു് അൎത്ഥപൂൎണ്ണമായ് ഒന്നുതന്നെ. കൎത്താവു കൃപയോടും ജ്ഞാനത്തോടും വിശ്വസ്തതയോടും അവ്യവഹിതമായ സ്വന്ത കൈക്കീഴ് തന്റെ പ്രിയദാസനെ അഭ്യസിപ്പിക്കേണ്ടതിന്നു മനുഷ്യരുടെ കണ്ണുകളിൽ നിന്നും ചിന്തയിൽനിന്നും അകലെ കൊണ്ടുപോയി. മോശെക്കു് അതു ആവശ്യമായിരുന്നു. ഫറവോന്റെ കൊട്ടാരത്തിൽ അവൻ നാല്പതു വൎഷങ്ങൾ ചിലവിട്ടു എന്നുള്ളതു വാസ്തവം, അവിടെയുള്ള അവന്റെ താമസം വിലയേറിയതും അവന്നു പരിശീലനം കിട്ടുന്നതിന്നു പരിതഃസ്ഥിതിയോടുകൂടിയതുമായിരുന്നു എന്നുള്ളതും സ്വീകാൎയ്യം തന്നെ. എങ്കിലും മരുഭൂമിയിലെ പ്രവാസത്തോട്ട് ഒത്തുനോക്കുമ്പോൾ രാജധാനിയിലെ പാപ്പ് ഏതുമില്ലായിരുന്നു. ആദ്യത്തേതു വിലയുള്ളതായിരിക്കാം. എന്നാൽ ഒടുവിലത്തേതു് ഒഴിച്ചുകൂടാത്തതായിരുന്നു.

ദൈവത്തോടുള്ള രഹസ്യസംസൎഗ്ഗത്തിന്റെയും അവന്റെ അഭ്യസനശാലയിലുള്ള പരിശീലനത്തിന്റെയും ശിക്ഷണത്തിന്റെയും അഭാവത്തെ പരിഹരിക്കുവാൻ യാതൊന്നിനാലും കഴിയുന്നതല്ല. മിസ്രയീമ്യരുടെ സകലജ്ഞാനവും മോശയെ അവന്റെ ഭാവിഗതിക്കു പ്രാപ്തനാക്കിയിരുന്നില്ല. അവനു് മിസ്രയീമ്യരുടെ പള്ളിക്കൂടങ്ങളിലും മഹാപാഠശാലകളിലും എത്രയും നല്ല പദ്ധതി അവലംബിച്ചു പഠിക്കാമായിരുന്നു. അവന്നു വിദ്യാവിഷയകമായുള്ള ബഹുമതികളോടുകൂടി അതായതു് അവന്റെ ബുദ്ധിയിൽ പഠിപ്പു ശേഖരിച്ചും ഹൃദയത്തിൽ നിഗളവും തനിക്കുതാൻപോരുമെന്നുള്ള ഭാവ

വും നിറച്ചും പുറത്തുവരാമായിരുന്നു. മനുഷ്യരുടെ കലാശാലകളിൽനിന്നവനു ബിരുദ സമ്പാദിക്കാമായിരുന്നു. എന്നാൽ ദൈവത്തിന്റെ പാഠശാലയിൽ അവൻ അക്ഷരമാല തന്നെ പഠിക്കേണ്ടിയിരുന്നു. വെറും മനുഷ്യജ്ഞാനവും പഠിപ്പും അവ തന്നിൽതന്നെ എത്ര വിലയേറിയതായിരുന്നാലും ഒരു മനുഷ്യനെ ദൈവഭൃത്യനാക്കുന്നതിനോ, ദൈവശുശ്രൂഷയുടെ ഏതെങ്കിലും ഒരു തുറയിൽ അവനെ പ്രാപ്തിയുള്ള പ്രവർത്തകനാക്കുന്നതിനോ കഴികയില്ല. ഇപ്രകാരമുള്ളവയും ലോകത്തിന്റെ മുമ്പിൽ പുതുക്കപ്പെടാത്ത പ്രകൃതിയെ അലംകൃതമാക്കി കാണിക്കുന്നതിനു സാധിച്ചെന്നു വരാം. എന്നാൽ ദൈവം ഉപയോഗിക്കുന്ന മനുഷ്യൻ ഇതിൽ നിന്നു വളരെ വ്യത്യസ്തമായ സ്വഭാവഗുണങ്ങൾ ഉള്ളവനായിരിക്കണം. ഈ യോഗ്യതകൾ ദൈവസാന്നിധ്യത്തിലുള്ള ഗാഢവും പരിശുദ്ധവുമായ ഏകാന്തവാസത്തിൽ മാത്രമെ കണ്ടുകിട്ടുകയുള്ളു.

എല്ലാ ദൈവഭൃത്യന്മാരും ഈ പ്രതിപാദനത്തിന്റെ സത്യത്തെ അറിഞ്ഞു് അനുഭവപ്പെട്ടിട്ടുണ്ടു്. ഹോറേബിൽ മോശയും, കെരീതിൽ ഏലിയായും, ഖെബാറിൽ യെഹസ്കേലും, അറേബിയായിൽ പൌലോസും, പത്മോസിൽ യോഹന്നാനും, ദൈവത്തോടുകൂടി തനിച്ചിരിക്കുന്നതിന്റെ സർവ്വപ്രാധാന്യത്തിനു ശക്തിമേറിയ ദൃഷ്ടാന്തങ്ങളാകുന്നു. ദൈവഭൃത്യനായ യേശുവിനെ നോക്കുമ്പോൾ അവൻ പബ്ളിക്കിൽ ചെലവാക്കിയ സമയത്തിന്റെ മിക്കവാറും പതിരട്ടി സമയം തനിച്ചു ചെലവാക്കിയതായി കാണും. അറിവിലും സങ്കല്പശക്തിയിലും പൂർണ്ണനെങ്കിലും പബ്ളിക്കിന്റെ മുൻപാകെ പ്രത്യക്ഷപ്പെടുന്നതിനു മുൻപു നസറേത്തിലുള്ള ഒരു ആശാരിയുടെ ഭവനത്തിൽ മറഞ്ഞിരുന്നു് മുപ്പതു വർഷങ്ങൾ ചെലവിടുകയാണു ചെയ്തതു്. കൂടാതെ, അവൻ പരസ്യശുശ്രൂഷയിൽ പ്രവേശിച്ചശേഷവും ദൈവസാന്നിധ്യത്തിന്റെ മധുരവും വിശുദ്ധവുമായ ഏകാന്തവാസത്തെ അനുഭവിക്കുന്നതിനു മനുഷ്യദൃഷ്ടിയിൽനിന്നു് എത്ര പ്രാവശ്യം അവൻ മറഞ്ഞുകളകയുണ്ടായി.

വേലയ്ക്കായി പുറപ്പെടുന്നതിനു മുൻപു് എല്ലാവർക്കും ഇതുപോലെ രഹസ്യത്തിലുള്ള നീണ്ട അഭ്യസനം ആവശ്യമായിരുന്നാൽ അടിയന്തിരമായി നടക്കേണ്ട വേലകൾ എങ്ങിനെ നടക്കും എന്നു ചോദിച്ചേക്കാം. അതു നമ്മുടെ കാര്യമല്ല, യജമാനന്റെ കാര്യമാണു്. വേലക്കാരെ തരുന്നതു് അവനാണു്. അവനാത്രേ അവരെ അഭ്യസിപ്പിക്കുന്നതും. അതു മനുഷ്യന്റെ വേലയല്ല. ദൈവത്തിനു മാത്രമെ ഒരു സത്യശുശ്രൂഷകനെ തരുവാനും ഒരുക്കുവാനും കഴികയുള്ളു. ഇങ്ങിനെയുള്ള ഒരാളിന്റെ പരിശീലനത്തിന് ആവശ്യമുള്ള കാലദൈർഘ്യത്തെക്കുറിച്ചു ചിന്തിക്കേണ്ടതില്ല. അവനു വിദ്യാഭ്യാസം നൽകണമെന്നാണു ദൈവത്തിനിഷ്ടമെങ്കിൽ ഒരു നിമിഷംകൊണ്ടു് അവനെ വിദ്യാഭ്യാസം ചെയ്യിക്കാൻ ദൈവത്തിനു കഴിയും. ഒരു സംഗതി സ്പഷ്ടമാണു്. എന്തെന്നാൽ ദൈവം തന്റെ എല്ലാ സേവകന്മാരെയും അവർ പരസ്യവേലയിൽ പ്രവേശിക്കുന്നതിനു മുൻപും പിൻപും തന്നോടുകൂടി അധികസമയം ഇരുത്തുക പതിവുണ്ടു്. ഇതുകൂടാതെ ഒരുത്തനെങ്കിലും അഭിവൃദ്ധിപ്പെടുകയില്ല. രഹസ്യമായ പരിശീലനവും ശിക്ഷണവും

കൂടാതെ ഇരുന്നാൽ നിശ്ചയമായിട്ടും ദുർബലന്മാരും ആഴമില്ലാത്തവരും അഭിപ്രായമാത്രന്മാരുമായിരിക്കും. വിശുദ്ധസ്ഥലത്തെ ക്ലാസിൽ, തന്നെ ശരിയായി ഇരിക്കുന്നതിനും; ദൈവത്തിന്റെ സന്നിധിയിൽ തന്നെ അളക്കുന്നതിനും മുൻപായി പരസ്യപ്രവൃത്തനത്തിനു ഇറങ്ങിത്തിരിക്കുന്ന മനുഷ്യൻ ശരിയായ അടിബ്ഭാരം(പോതമെസ്ഥദ്രവ്യം) കൂടാതെ കടലിലേക്കിറങ്ങുന്ന കപ്പൽപോലെയാണ്. സംശയം കൂടാതെ ആദ്യകാറ്റുതന്നെ അതിനെ കമഴ്ത്തിക്കളയും. നേരെമറിച്ച്, ദൈവത്തിന്റെ പള്ളിക്കൂടത്തിൽ ക്ലാസിൽനിന്നു ക്ലാസിലേക്കു കയറ്റം കിട്ടുന്നതിനാൽ ലഭിക്കുന്ന ആഴവും ഘനവും സ്ഥൈര്യവും ദൈവത്തിന്റെ ഫലപ്രദനായ യഥാർത്ഥ വേലക്കാരന്റെ സ്വഭാവഗുണത്തെ രൂപീകരിക്കുന്നതിലേക്ക് അത്യാവശ്യകാര്യങ്ങളാകുന്നു.

അതുകൊണ്ട്, മരുഭൂമിയിലെ ഗൂഢധ്യാനത്തിനായി നാല്പതുകൊല്ലം ചിലവിടേണ്ടതിന് രാജധാനിയിലെ എല്ലാ മഹിമയും പ്രതാപവും നാല്പതാം വയസ്സിൽ ഉപേക്ഷിച്ചുകളഞ്ഞ മോശയെ നാം കാണുമ്പോൾ സാരമായ ഒരു ശുശ്രൂഷാപദ്ധതിയെ നമുക്കു പ്രതീക്ഷിപ്പാൻ കഴിയും. നിരാശയുണ്ടാകുന്നുമല്ല. ദൈവം വിദ്യാഭ്യാസം ചെയ്യിക്കുന്നവൻ തന്നെയാണ് സാക്ഷാൽ അഭ്യസ്തവിദ്യൻ; മറ്റാരുമല്ല. ദൈവശുശ്രൂഷയ്ക്കായി ഒരു ഉപകരണത്തെ ഒരുക്കുക എന്നുള്ളതു ഒരു മനുഷ്യന്റെ പരിധിയിൽപെട്ടതല്ല. മനുഷ്യന്റെ കൈക്ക്, ഉടമസ്ഥന് ഉപയോഗമുള്ള പാത്രം മനയുവാൻ കഴിയുന്നതല്ല. അതിനെ ഉപയോഗിക്കുന്ന ആളിനു മാത്രമേ അതിനെ ഒരുക്കുവാനും കഴികയുള്ളൂ. ഒരുക്കുന്നതിനുള്ള ദൈവമാതൃകയുടെ മനോഹരമായ പ്രത്യേക ദൃഷ്ടാന്തം നമ്മുടെ മുൻപാകെ ഉണ്ട്.

"മോശെ മിദ്യാനിലെ പുരോഹിതനും തന്റെ അമ്മായപ്പനുമായ യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്നു. അവൻ ആടുകളെ മരുഭൂമിക്ക് അപ്പുറത്തു ദൈവത്തിന്റെ പർവ്വതമായ ഹോരേബ്‌വരെ കൊണ്ടുചെന്നു." പുറ. ൩: ൧. ഇവിടെ അത്ഭുതകരമായ മാറ്റം കാണുന്നു. ഉല്പത്തി. ൪൬: ൩൪-ൽ "ഇടയന്മാരെല്ലാം മിസ്രയീമ്യർക്കു വെറുപ്പല്ലോ" എന്നു വായിക്കുന്നുവെങ്കിലും "മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു" മോശ മിസ്രയീം രാജധാനിയിൽനിന്ന് ആട്ടിൻകൂട്ടത്തെ മേയിക്കുന്നതിനും ദൈവശുശ്രൂഷയും പഠിപ്പിക്കപ്പെടുന്നതിനുമായി പർവ്വതത്തിന്റെ പിൻഭാഗത്തേക്കു മാറ്റപ്പെടുന്നതായി കാണുന്നു. നിശ്ചയമായിട്ടും ഇതു മനുഷ്യരീതിയല്ല- ഇതു പ്രകൃതിയുടെ കാര്യപരിപാടിയല്ല. ജഡത്തിനും രക്തത്തിനും ഇതു് അറിവാൻ കഴികയില്ല. മോശ ഈജിപ്തിലെ സകല ജ്ഞാനത്തിലും നിപുണനായിത്തീർന്നതുകൊണ്ടും രാജധാനിയിലുള്ള അപൂർവ്വസൗകര്യങ്ങളുള്ളവനായിരുന്നതുകൊണ്ടും അവനു അഭ്യസനപൂർത്തി വന്നു എന്ന് നാം വിചാരിച്ചുപോകാം. അത്രവരെ രാജകടാക്ഷം ലഭിച്ച ഒരുവനിൽ ഗാഢവും വിവിധവുമായ വിദ്യാഭ്യാസം മാത്രമല്ല അവനെ ആക്കാവുന്ന ഏതൊരു ജോലിയും ഭംഗിയായി നിവർത്തിപ്പാൻ ആവശ്യമുള്ള സാമർത്ഥ്യവും അവനിൽനിന്നു പ്രതീക്ഷിക്കാം. എന്നാൽ ഈ പ്രാപ്തിവിശേഷം ലഭിച്ച ഒരുവനെ പർവ്വതത്തിന്റെ പിൻഭാഗത്ത് ആടുകളെ മേയിക്കുവാൻ വിളിച്ചുകൊണ്ടുപോയതു മനുഷ്യന്റെ വി

ചാരത്തിന്നും തോന്നലിന്നും വളരെ അപ്പുറത്തുള്ള ഒന്നാണ്. അതു മനുഷ്യന്റെ നിഗളത്തേയും മഹിമയേയും പൊടിയിൽ ഖണ്ഡനമസ്കാരം ചെയ്യിക്കുന്നു. ലൌകിക ഉപകരണങ്ങൾ ദൈവത്തിന്റെ മതിപ്പിൽ വിലയില്ലാത്തവയാണെന്ന് ഇവ സ്പഷ്ടമായി ഘോഷിക്കുന്നു. അതേ, അവ കർത്താവിന്റെ കണ്ണുകളിൽ മാത്രമല്ല, അവന്റെ പാഠശാലകളിൽ പഠിച്ചിട്ടുള്ള എല്ലാവരുടെ ദൃഷ്ടികളിലും "ചവറും അഴുക്കു"മാകുന്നു.

മാനുഷവിദ്യാഭ്യാസത്തിനും ദൈവികവിദ്യാഭ്യാസത്തിനും തമ്മിൽ വളരെ അന്തരമുണ്ട്. ഒന്നാമത്തേത്, പ്രകൃതിയെ സംസ്കരിക്കുന്നതിനും ഉയർത്തുന്നതിനുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തേത്, അതിനെ ശോധിപ്പിക്കുന്നതിനോടുകൂടി ആരംഭിക്കുന്നു. "പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവനു ഭോഷത്വമാകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (൧ കൊരി ൨: ൧൪) നിന്റെ ഇഷ്ടം പോലെ പ്രാകൃതമനുഷ്യനെ വിദ്യ അഭ്യസിപ്പിക്ക. എന്നാലും നിനക്കവനെ ഒരു ആത്മികനാക്കിത്തീർക്കുവാൻ കഴികയില്ല. "ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു." (യോഹ. ൩:൬) വിദ്യാഭ്യാസമുള്ള ഒരു സ്വാഭാവികമനുഷ്യന് എപ്പോഴെങ്കിലും ദൈവശുശ്രൂഷയിൽ വിജയം കിട്ടുവാൻ സാധിക്കുമെങ്കിൽ മോശെക്കു അതു ലഭിക്കുമായിരുന്നു. അവൻ പ്രായമുള്ളവനും പഠിപ്പുള്ളവനും വാക്കിലും പ്രവൃത്തിയിലും ശക്തിയുള്ളവനുമായിരുന്നു. എന്നിരിക്കിലും മിസ്രയീമിലെ പാഠശാലകൾക്കു അവനെ ഒരിക്കലും പഠിപ്പിക്കാൻ കഴിയാത്ത എന്തോ ഒന്നു പഠിക്കുന്നതിനായി മരുഭൂമിയുടെ അപ്പുറത്തു അവൻ പോകേണ്ടിവന്നു. പൌലൊസ് ഗമാലിയേലിന്റെ പാദങ്ങളിൽ പഠിച്ചതിനേക്കാൾ അധികം പഠിച്ചതു് അറേബ്യയിൽവെച്ചാണ്. *ദൈവത്തെപ്പോലെ പഠിപ്പിക്കുവോൻ ഒരുത്തനും കഴികയില്ല. ദൈവത്തിൽനിന്നു പഠിക്കുന്നവർ അവനോടുകൂടി തനിച്ചിരിക്കേണ്ടതാകുന്നു. "മരുഭൂമിയിൽ ദൈവം നിന്നെ ഉപദേശിക്കും." അവിടെയാണു മോശ തന്റെ ഏററവും മധുരവും ആഴവും സ്വാധീനശക്തിയുമുള്ളതും ശാശ്വതവുമായ പാഠങ്ങൾ പഠിച്ചതു്. ശുശ്രൂഷയ്ക്കായിട്ടു പഠിക്കാൻ ആഗ്രഹിക്കുന്ന ആളുകൾ എല്ലാവരും അവിടേക്കു ചെല്ലണം.

* ഇങ്ങനെ പറയുന്നതിന്റെ ഉദ്ദേശം വാസ്തവത്തിൽ ഉപയോഗമുള്ള അറിവിൽ നിന്നോ മനുഷ്യരുടെ ശരിയായ സംസ്കരണത്തിൽ നിന്നോ ഒഴിയണമെന്നാണെന്നു വായനക്കാർ ഒരിക്കലും ധരിച്ചുപോകരുതു. ആശയം ശരിയല്ല. [illegible] വായനക്കാരൻ ഒരു പിതാവാണെങ്കിൽ തന്റെ കുട്ടിയുടെ മനസ്സിൽ ഉപയോഗമുള്ള അറിവു ശേഖരിച്ചുകൊള്ളട്ടെ. ഭാവിയിൽ യജമാനന്റെ ശുശ്രൂഷയ്ക്കു ഉപയോഗമായി വരത്തക്കവ എല്ലാം അവനെ പഠിപ്പിക്കട്ടെ. തന്റെ മകൻ ക്രിസ്തീയജീവിതം ചെയ്യുമ്പോൾ ഉപേക്ഷിച്ചു കളയേണ്ടി വരുന്നതായ യാതൊന്നുംകൊണ്ടും കുട്ടിയെ ഭാരപ്പെടുത്തരുതു. [illegible] നിവൃത്തിയില്ലാതെയുള്ള വിദ്യാഭ്യാസവിഷയത്തിലേക്കു അവനെ നടത്തരുതു. ദൈവത്തിന്റെ വെളിപാടുകളെ വ്യാഖ്യാനിക്കുന്നതിനും ക്രിസ്തുവിന്റെ ആടുകളെ മേയിക്കുന്നതിനും അവനെ പ്രാപ്തനാക്കുവാൻ ജാതികളുടെ കെട്ടുകഥകളാകുന്ന ചളിയിൽ കൂടി അവനെ നടത്തുന്നതിനേക്കാൾ വെളിച്ചത്തിന്റെയും നിഴലിന്റെയും യോഗപരാമർശങ്ങൾ എന്തെന്നു തിരിച്ചറിവാൻ അവനെ പത്തുവർഷം ഒരു കല്ലറതുരങ്കത്തിൽ ഇട്ടേക്കുന്നതു നന്നായിരിക്കും.

# വിദേശകത്ത് No. 2.

കപ്പൽ മിഷിമാമാറു
ജപ്പാനിൽനിന്നു കാനഡായിലേക്ക്
15—4—30.

എന്റെ പ്രിയ സൈമൺസഹോദരാ,

എന്റെ ജപ്പാൻ സന്ദർശനം കഴിഞ്ഞു ഞാൻ കാനഡായിക്കു കപ്പൽ യാത്ര ചെയ്യുകയാണ്. കാനഡായിൽ എത്തുവാൻ ൧൪ ദിവസം വേണ്ടിവരും. വിക്റ്റോറിയയിലേക്കു ൪൦൦൦ മൈലിൽ അധികം യാത്ര ചെയ്യണം. നമ്മുടെ പ്രിയ സ്നേഹിതൻ മി: മെയിനാർഡ് വിക്റ്റോറിയയിലാണു താമസിക്കുന്നത്. മുൻപ് ഇദ്ദേഹം തിരുനൽവേലിയിൽ മിഷ്യനറിയായിരുന്നു എന്നു നിങ്ങൾക്കറിയാമല്ലോ. ഈ കടൽയാത്ര കഴിയുമ്പോൾ എനിക്ക് ഒരു വലിയ സന്തോഷം ഉണ്ട്. കടൽ വളരെ കോപിച്ചിരിക്കുകയാണ്. മിക്കവാറും എല്ലാ യാത്രക്കാർക്കും കപ്പൽചൊരുക്ക പിടിപെട്ടിരിക്കുന്നു. അധികംപേർക്കും ഇപ്പോൾ സുഖം കിട്ടി. എനിക്കും അങ്ങിനെതന്നെ. അതുകൊണ്ടാണ് എനിക്കു വീണ്ടും എഴുതുവാൻ സാധിച്ചത്. ഞാൻ ജപ്പാനിലായിരിക്കുമ്പോൾ മിയാനോഷിറാ, നാറാ, കിയോട്ടോ, മൈജായിമാ, ടോക്കിയോ, നാഗഡാക്കിം, യോക്കോഹാമാ എന്നീ സ്ഥലങ്ങളെ സന്ദർശിച്ചു. ടോക്കിയോവിൽ ജപ്പാൻകാരായ വിശ്വാസികളുടെ ഒരു ചെറിയ കൂട്ടം നമുക്കുണ്ട്. ചില ജപ്പാൻഗ്രാമങ്ങളിൽ ദൈവവേല നല്ലവണ്ണം അഭിവൃദ്ധിപ്പെട്ടുവരുന്നു. ഒരു ഡിസ്ട്രിക്റ്റിൽ കഴിഞ്ഞ വർഷത്തിൽ ൨൦൦ വിശ്വാസികൾ സ്നാനപ്പെടുകയുണ്ടായി. അവിടെയുള്ള വേല വിദേശസഹായംകൂടാതെ അവർ നടത്തുന്നത്. ജപ്പാൻകാർ അധികവും ബുദ്ധമതക്കാരത്രേ. ക്രിസ്തുവിങ്കലേക്കു മനസ്സു തിരിയുമ്പോൾ അവർ സത്യ ക്രിസ്ത്യാനികളായിത്തീരുന്നു. ഞാൻ തിരുവിതാംകൂറിൽ വേല ആരംഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ ജപ്പാനിൽതന്നെ വേല ചെയ്വാൻ ഇഷ്ടപ്പെട്ടുമായിരുന്നു. ഈ പ്രിയ ജനങ്ങൾ എന്റെ ഹൃദയത്തോടു വളരെ യോജിച്ചിരിക്കുന്നു. അവർക്കായി പ്രാർത്ഥിക്കണമേ.

ഈ തീക്കപ്പലിൽ ഞങ്ങൾക്കു ചില കൊറിയാനാട്ടുകാരും, ഫിലിപ്പൈൻ ദ്വീപുകാരും, ജപ്പാൻകാരും, അമേരിക്കന്മാരും, ഇംഗ്ലീഷുകാരും ഉണ്ട്. ഇവരിൽ വിശ്വാസികൾ ചുരുക്കംതന്നെ.

ഏഴു കൊല്ലങ്ങൾക്കു മുൻപു ജപ്പാനിൽ ഒരു വലിയ ഭൂകമ്പമുണ്ടായതായി നിങ്ങൾ ഓർക്കുമല്ലോ. എന്നാൽ അവിടെ അതിന്റെ ഓർമ്മകൂടി ഇപ്പോൾ പോയിരിക്കുന്നു. കാരണം, ഭൂകമ്പകാലത്തുണ്ടായിരുന്നതിനേക്കാൾ വിശാലവും ഉന്നതവുമായ എടുപ്പുകളാണ് അവിടെ ഇപ്പോൾ കാണുന്നത്. എല്ലാം ഇരുമ്പും കോൺക്രീറ്റും കൊണ്ടുള്ള പണികളാണ്. ഇപ്പോഴത്തെ ലോകമോഹങ്ങളും എവിടേയും കാണുമാറുണ്ട്. ലോകാസക്തിയിൽനിന്നും അതിന്റെ ഭയങ്കരഭവിഷ്യത്തിൽനിന്നും വിടുവിക്കപ്പെടുന്നതു എത്ര സന്തോഷം!! എനിക്ക് ഇതെ

ല്ലാം കണ്ടിട്ടു് വലിയ ആകർഷണം തോന്നുന്നില്ല. സാധുക്കൾ ഇതിന്റെ ശക്തിയിൽനിന്നു വിമുക്തരാകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ന്യാനോഷിതാ വളരെ രസം തോന്നുന്ന ഒരു സ്ഥലമാണ്. ഞാൻ താമസിച്ചിരുന്ന വീട്ടിൽവച്ചു ചൂടുറവയിലെ വെള്ളത്തിലാണു ഞാൻ കുളിച്ചതു്.

നാറായിൽ വളരെ മാനുകൾ അങ്ങും ഇങ്ങും അലഞ്ഞു നടക്കുന്നു. അവ വളരെ ഇണക്കമുള്ളതാണ്. എന്തെങ്കിലും തിന്മാൻ കിട്ടുമെന്നുള്ള വിചാരത്തിൽ അവ മനുഷ്യരുടെ അടുത്തു വന്നു നിൽക്കുന്നു. ജപ്പാനിൽ ഉള്ളതിൽ മൂന്നാമത്തെ വലിയ മണി ഇവിടെ വച്ചു ഞാൻ കണ്ടു. അതിനു ൧൩ അടി ഉയരവും ൨൭ അടി ചുററളവും ൪൯ * ടൺ തൂക്കവുംഉണ്ടു്. ഒരു നീളമുള്ള തടികൊണ്ടാണ് അതു് അടിക്കുന്നതു്. ഈ ശബ്ദം വളരെ ദൂരത്തുനിന്നു കേൾപ്പാൻ കഴിയും. ബുദ്ധപ്രതിമകൾ മിക്ക സ്ഥലത്തുമുണ്ടു്. ഒരു സ്ഥലത്തുതന്നെ ൨൭ എണ്ണം ഞാൻ കണ്ടു. തങ്ങളുടെ പാപങ്ങൾക്കുവേണ്ടി അഗ്നിജ്വാലയിൽ വ്യസനിക്കുന്ന ആളുകളുടെ (ഇവരിൽ അധികവും സ്ത്രീകളാണ്.) ചിത്രങ്ങളും കാണ്മാനുണ്ടു്.

കിയോട്ടോ ബഹുലം ക്ഷേത്രങ്ങൾക്കു കീർത്തിപ്പെട്ടിരിക്കുന്നു. ഒരു ക്ഷേത്രത്തിൽതന്നെ ബുദ്ധന്റെ ൧൦൦൧ പ്രതിമകൾ ഉണ്ടു്. ബുദ്ധനേക്കാൾ ക്രിസ്തു നമുക്കു് എത്രയധികം ഉപകാരി എന്നറിയുന്നതു് എന്തു സന്തോഷം!! കാരണം ബുദ്ധൻ ഒരു രക്ഷിതാവു എന്നുള്ള നിലയിൽ അറിയപ്പെട്ടിട്ടില്ല. അവൻ മരിച്ചു. എന്നാൽ ക്രിസ്തു ജീവിച്ചു ദൈവ വലത്തുഭാഗത്തു നമുക്കു വേണ്ടി ഇപ്പോൾ പക്ഷവാദംചെയ്യുന്നു.

തിരുവിതാംകൂറിലുള്ള ഹിന്ദുക്കളുടെ കൂട്ടത്തിലായ യാതൊരു ഭക്തിയും ഞാൻ ബുദ്ധമതക്കാരുടെ ഇടയിൽ കണ്ടില്ല. സത്യവും ജീവനുള്ളതുമായ ഒരു സുവിശേഷം കേൾപ്പാൻ തക്കപാകതയിലാണു ജപ്പാൻ ഇപ്പോൾ ഇരിക്കുന്നതു്. തൽഫലമായി അനേകായിരങ്ങൾ ക്രിസ്തുവിലേക്കു തിരിയുകയും ചെയ്യും. അവർക്കു മതത്തിൽ താല്പര്യമില്ല. ലോക സന്തോഷങ്ങൾക്കായി അവർ തങ്ങളെ വിട്ടുകൊടുത്തിരിക്കയാണു.

ക്യോട്ടോവിൽ ഒരു മലയുടെ മുകളിൽ ൪൨൦൦ അടിവരെ ഞാൻ കയറി. നിലത്തുനിന്നു ൧൨ ഇഞ്ചു് ഘനത്തിൽ മഞ്ഞു ചിലടത്തു കിടപ്പുണ്ടു്.

മൈജായിമ. ഇതും ക്ഷേത്രങ്ങൾക്കും ചെറി പൂക്കൾക്കും കീർത്തിപ്പെട്ടതു്. വൃക്ഷങ്ങൾ എല്ലാം പൂത്തു നിൽക്കുന്നു. ഞാൻ കണ്ടിട്ടുള്ളതിലേക്കും ഭംഗിയേറിയ വൃക്ഷക്കാഴ്ച ഇതാണ്. ററാഡൈജി എന്ന ക്ഷേത്രത്തിലേക്കു ഞാൻ പോയി. അവിടെ വൈരോചന ബുദ്ധന്റെ ഒരു പ്രതിമയുണ്ടു്. ബുദ്ധൻ ധ്യാനനിരതനായി വിടൎന്ന ഒരു താമരപ്പൂവിൽ ഇരിക്കുന്നു. ലോകത്തിൽ ഉള്ളതിൽ വെച്ചു ഏററവും വലിയ ബുദ്ധപ്രതിമയാണിതു്. ക്രിസ്തുബ്ദം ൭൪൯-ൽ ഇതു ഉണ്ടാക്കപ്പെട്ടു. ൪൫൦ ടൺ ഓട്ടുകൊണ്ടാണ് ഇതു വാർത്തതു്. ൨൫൦൦-റാത്തൽ സ്വർണ്ണവും, ൭ ടൺ മെഴുകും, ൧൬൫൬-റാത്തൽ രസവും, അനേകായിരം ടൺ കരിയും ഈ പ്രതിമയുടെ നിർമ്മാണത്തിനു ഉപയോഗിച്ചിട്ടുണ്ടു്. ഇവയിൽ രസവും സ്വർണ്ണവും കൊണ്ടാണ് പ്രതിമയുടെ പൂച്ചു നടത്തിട്ടുള്ള

* 1 ടൺ=2240

ത്. പ്രതിമയുടെ അളവു വിവരം ഇരിക്കുന്ന നിലയിൽ ശരീരത്തിന്റെ ഉയരം 53 അടി. മുഖത്തിന്റെ നീളം 16 അടി. മുഖത്തിന്റെ വീതി $9\frac{1}{2}$ അടി. മൂക്കിന്റെ നീളം 1 അടി $7\frac{1}{5}$ ഇഞ്ച്. വായുടെ വീതി 1 അടി $8\frac{3}{5}$ ഇഞ്ച്. ചെവിയുടെ നീളം $8\frac{1}{2}$ അടി. ക്ഷേത്രത്തിന്റെ വലിപ്പം 166 അടി താഴ്ച. 160 അടി ഉയരം. തൂൺ 60.

ടോക്കിയോ ജപ്പാന്റെ പ്രധാന പട്ടണമാണ്. അവിടെ ആണ് ചക്രവർത്തി താമസിക്കുന്നത്. ജനങ്ങൾ രാജധാനിയുടെ പടിവാതുക്കൽ കയറിപ്പോയി ചക്രവർത്തി അവിടെ ഇല്ലെങ്കിലും വണങ്ങുക സാധാരണയാണ്. ടോക്കിയോവിൽ വളരെ ക്രിസ്ത്യാനികൾ ഉണ്ട്. മജാസാക്കിം റെയിൽവേ ഒരു ഭാഗവും യോക്കോഹാമാ മറെറ ഭാഗവുമാണ്. ഞാൻ ആ പാത മുഴുവൻ (ഏതായതു 700 മൈല്) തീവണ്ടിയിൽ സഞ്ചരിക്കയുണ്ടായി. എനിക്കു ടിക്കററു വെറുതെ കിട്ടി.

ഈ യാത്രയിൽ അനുഭവിച്ച എല്ലാ ദൈവകൃപകൾക്കായിട്ടും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. തന്റെ മഹത്വത്തിനായിട്ടു ഞാൻ ഉപയോഗപ്പെടുന്നതിനും ഞാൻ കടന്നുപോകുന്ന സ്ഥലങ്ങളിലെല്ലാം വളരെ ആത്മാക്കളുടെ നന്മക്കായി അനുഗ്രഹിക്കപ്പെടുന്നതിനും നിരന്തരമായി പ്രാർത്ഥിക്കണമെന്നും ആവശ്യപ്പെട്ടു കൊള്ളുന്നു.

ദൈവം നിങ്ങളെ എല്ലാവരേയും സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെന്നാണ് എന്റെ താല്പര്യമായ പ്രാർത്ഥന. എല്ലാ വിശ്വാസികൾക്കും എന്റെ സ്നേഹം കൊടുക്കുക.

അവന്റെ സന്തോഷമുള്ള ശുശ്രൂഷയിൽ സ്വന്തം. എഡ്വിൻ, എച്ച്. നോയൽ.

# പതിനൊന്നു മർമ്മങ്ങൾ

പൌലൊസ് കൊരിന്ത്യർക്കെഴുതുമ്പോൾ ഇങ്ങനെ പറയുന്നു. "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ."

റോമ. ൧൬: ൨൫, ൨൬ എന്നീ വാക്യങ്ങളിൽ എന്റെ സുവിശേഷം, മർമ്മത്തിന്റെ വെളിപ്പാട്, ലോകാരംഭം മുതലെ മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെട്ടതുമായ മർമ്മം എന്നിങ്ങനെ എന്തോ ഒന്നിനെക്കുറിച്ചു പറയുന്നുണ്ട്. അതു പൌലൊസിന് അവന്റെ മാനസാന്തരഘട്ടത്തിൽ വാഗ്ദാനം ചെയ്ത വെളിപ്പാടു തന്നെ ആയിരുന്നു. (പ്രവൃ. ൨൬: ൧൬—൧൮) ഇതിൽ ദൈവമർമ്മം എല്ലാം അടങ്ങുന്നു.

മർമ്മങ്ങൾ ആകെക്കൂടെ ൧൧ ഉണ്ട്. അതിൽ ൮ എണ്ണം പൌലൊസിനു വെളിപ്പെട്ടതും ബാക്കിയുള്ള മൂന്നിൽ ഒന്നു ക്രിസ്തുവിന്റെ സ്വന്ത വെളിപ്പാടിനാൽ ഉണ്ടായിട്ടുള്ളതും രണ്ട് യോഹന്നാനു വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളതുമാണ്.

പുതിയ നിയമപ്രകാരമുള്ള അർത്ഥത്തിൽ ഒരു മർമ്മമെന്നുള്ളത് ഒരിക്കലും അറിഞ്ഞുകൂടാത്ത ഒരു വിഷയമല്ല. മനുഷ്യരെ മറച്ച് ലോകാരംഭം മുതലെ

താൻ ഉദ്ദേശിച്ചിട്ടുള്ളതും, അതു വെളിപ്പെടുത്തുന്നതിനുള്ള കാലത്തിനുമുൻപു മനുഷ്യർക്ക് അജ്ഞാതമാക്കി വെച്ചിട്ടുള്ളതുമായ ദൈവത്തിന്റെ ഒരു പ്ലാനോ ഉദ്ദേശമോ ആകുന്നു. അതിൽ ഓരോ മർമ്മങ്ങളും നിവൃത്തിച്ച ക്രമത്തിനു് അവയെ നമുക്കു പരിശോധിക്കാം.

൧. അവതാരമർമ്മം. "അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു. എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു." ൧ തിമൊ. ൩. ൧൬.

സീനായിപർവ്വതത്തിൽ എന്നപോലെ ദൈവം ആകാശത്തു നിന്നു നേരെ വെളിപ്പെട്ടു സംസാരിച്ചാൽ അതു ഒരു മർമ്മമാകയില്ല. എന്നാൽ മനുഷ്യരൂപം ധരിച്ചു് നമ്മുടെ ഇടയിൽ പാർക്കുന്ന പക്ഷം അതു ഒരു വലിയ മർമ്മമായിരിക്കും. ക്രിസ്തുവിൽ ഈ വിധമാണു ദൈവം വെളിപ്പെട്ടതു്. യോഹ ൧: ൧—൧൮. ഇതുകൊണ്ടത്രെ എന്നെ കണ്ടവൻ പിതാവിനെ കണ്ടു എന്നു യേശു പറഞ്ഞിട്ടുള്ളതു്. യോഹ. ൧൪: ൯.

൨. ദൈവാധിവാസത്തിന്റെ മർമ്മം: കൊലൊ. ൧:൨൬-൨൭ വരെയുള്ള വാക്യങ്ങളിൽ "പൂർവകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മ"മെങ്കിലും അപ്പോൾ ശുദ്ധിമാന്മാർക്കു വെളിപ്പെട്ടിട്ടുള്ളതായ മറെറാരു മർമ്മത്തെക്കുറിച്ചു പൌലൊസു സംസാരിക്കുന്നു. "ക്രിസ്തു നിങ്ങളിൽ" എന്നാണു് ഈ മർമ്മത്തിനു അവൻ പേർ വിളിക്കുന്നതു്. ഇതു് വീണ്ടും ജനനത്തിന്റെ മർമ്മമാകയാൽ ഒരു വലിയ മർമ്മംതന്നെ. "മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതെങ്ങിനെ?" എന്നു നിക്കൊദെമോസു കൂടിയും വിളിച്ചുപറഞ്ഞു പോകത്തക്കവണ്ണമുള്ള (യോഹ ൩:൪) ഒരു മർമ്മമാണു് വീണ്ടും ജനനമെന്നുള്ളതു്. അത്ഭുതമെന്നു മാത്രമല്ല, അതു അത്യത്ഭുതകരമായ ഒരു വാസ്തവവുമാണു്. അതു ദൈവസ്വഭാവത്തിന്റെയും മനുഷ്യസ്വഭാവത്തിന്റെയും ഒരു ഐക്യമാകുന്നു. യേശു നമ്മുടെ മനുഷ്യസ്വഭാവം എടുത്തുകൊണ്ടു നമ്മോടു് ഏകീഭവിച്ചതുപോലെ തന്നെ ദൈവസ്വഭാവമെടുത്തുകൊണ്ടു് നാമും അവനോടുകൂടി ഒന്നാകുന്നു. ഈ ഐക്യത്തിന്റെ മർമ്മം അഭേദാവസ്ഥയുടെ ഒരു ഐക്യമാകുന്നു. ശരീരത്തിന്റെ അംഗങ്ങൾ ശരീരത്തിന്റെ ഒരംശമായിരിക്കുന്നതുപോലെ നാം ക്രിസ്തുവിന്റെ ഒരംശം തന്നെയാണു്. ൧ കൊരി. ൧൨:൧൨. നമ്മിൽ ജീവിക്കുന്നതു ക്രിസ്തുവാകുന്നു. ഗലാ. ൨:൨൦.

൩. സഭയെന്നു വിളിക്കപ്പെട്ട ഒരേ ശരീരത്തിൽ യെഹൂദന്റെയും പുറജാതിയുടെയും യോജിപ്പിന്റെ മർമ്മം.

എഫെസ്യസഭയിലുള്ള വിശുദ്ധന്മാർക്കെഴുതിയ തന്റെ ലേഖനത്തിൽ (എഫെ. ൩:൧-൧൨) "ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകുന്ന"മെന്നുള്ള മർമ്മം തനിക്കു വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായ്വന്നിരുന്നില്ല എന്നു പൌലൊസു പറയുന്നു.

ക്രിസ്തുവിന്റെ കാലത്തു യെഹൂദനും ജാതിക്കും തമ്മിലുണ്ടായിരുന്ന വലിയ വിടോഷം ഇത്രമാത്രമെന്നു മതിപ്പാൻ നിവൃത്തിയില്ലായിരുന്നു. ഒരു ഉയർന്ന നടുച്ചുവർ അവരെ തമ്മിൽ പിരിച്ചുവെച്ചുകൊണ്ടിരുന്നു. യെഹൂദന്മാർ ജാതിക

ളെ നായ്ക്കൾ എന്നപോലെ ഗണിച്ചു. ജാതികൾ യെഹൂദന്മാരെ നിന്ദിച്ചുവന്നു. ഇതു ഇൻഡ്യയിലെ ജാതിവിരോധത്തെക്കാൾ കഠിനമായിരുന്നു. ഇതുകൊണ്ടാണ് കുറെ യെഹൂദന്മാരെയും കുറെ ജാതികളെയും ചേൎത്തു സഭയെന്നു വിളിക്കപ്പെടുന്ന ഒരു ശരീരം രൂപീകരിക്കാൻ പോകുന്നുവെന്നു് അവൎക്കു വെളിപ്പെടുത്തിയതു്. ക്രിസ്തുവിൽ എല്ലാ വൎഗ്ഗഭേദങ്ങളും മാറിപ്പോകുന്നു. ലോകം അന്വേഷിക്കുമ്പോൾ ക്രിസ്തുവിൽ മാത്രമെ ഇങ്ങിനെയുള്ള ഒരു വിശുദ്ധ സഹോദരൈക്യം കാണ്മാൻ കഴികയുള്ളു.

൮. ഏഴു നക്ഷത്രങ്ങളെക്കുറിച്ചും ഏഴു നിലവിളക്കുകളെക്കുറിച്ചുമുള്ള മൎമ്മം.

ഇതു യോഹന്നാനു വെളിപ്പെട്ടു. വെളി. ൧: ൧൨—൨൦. ഏഴു നക്ഷത്രങ്ങൾ ഏഷ്യാമൈനറിലുണ്ടായിരുന്ന ഏഴു സഭകളുടെ ദൂതന്മാരാണെന്നും, ഏഴു സഭകൾ ഏഴു നിലവിളക്കുകളാണെന്നും അവനോടു പറയപ്പെട്ടു. ഈ നിലവിളക്കുകളുടെ മൎമ്മം ഏഴു സഭകൾ പ്രതിനിധിസഭകളാകുന്നു എന്നുള്ളതാണ്. അവയുടെ ചരിത്രം ക്രിസ്തുവിന്റെ വരവുവരെയുള്ള ക്രിസ്തീയ സഭകളുടെ ചരിത്രത്തിന്റെ സംഗ്രഹമാകുന്നു. ഈ മൎമ്മം ക്രിസ്തീയ സഭയും പ്രതിനിധിസഭകൾക്കും ഉള്ള സ്വഭാവലക്ഷണങ്ങളുടെ പൊരുത്തം തെളിവാകുന്നതുവരെ അറിവാൻ കഴികയില്ല.

൯. സ്വൎഗ്ഗരാജ്യത്തിന്റെ മൎമ്മം.

യെഹൂദന്മാർ ക്രിസ്തുവിനെ നിഷേധിച്ചപ്പോൾ സ്ഥാപിക്കപ്പെടുവാനിരുന്ന രാജ്യം മൎമ്മരൂപത്തിൽ ആയിത്തീൎന്നു. മൎമ്മരൂപത്തിൽ ഇരുന്ന ഈ രാജ്യത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുവാൻ യേശു ഉപമകളെ അനേഷിക്കേണ്ടതായി വന്നുകൂടി. ഈ ഉപമകൾ ആകെ പന്ത്രണ്ടാണ്. മത്തായി സുവിശേഷത്തിൽ മാത്രമെ ഇവ കാണുന്നുള്ളു.

൧൦. ജീവനോടിരിക്കുന്നവിശുദ്ധന്മാരുടെ എടുത്തുകൊള്ളപ്പെടുതലിന്റെ മൎമ്മം.

൧. കോരി. ൧൫: ൫൧—൫൨ വരെയുള്ള വാക്യങ്ങളിൽ പൌലൊസ് പറയുന്നതാവിതു: "ഞാൻ ഒരു മൎമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും"

ഇതു സകല മൎമ്മങ്ങളിൽ വെച്ചു വലുതാണ്. കാരണം ഹേതുവാദംകൊണ്ടു അഥവാ ന്യായവാദംകൊണ്ടു സ്വപ്നം കാണ്മാൻ പോലും കഴിയാത്ത സംഗതിയെയാണ് ഇതു വെളിപ്പെടുത്തുന്നതു്. ന്യായവാദപ്രകാരം നോക്കിയാൽ മനുഷ്യന്റെ ഗതി മരിക്കമാത്രമാണ്, എന്നാൽ മരിക്കാതെ ഈ ഭൂമിയിൽ നിന്നു സ്വൎഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെടുക എന്നുള്ളതു പൌലോസിനു വെളിപ്പെട്ടുവരെ ആരും ഒരിക്കലും വിചാരിച്ചിട്ടില്ലായിരുന്നു.

൧൧. ഇസ്രായേലിന്റെ അന്ധതയുടെ മൎമ്മം.

റോമാക്കാൎക്കു എഴുതുമ്പോൾ പൌലോസ് പറയുന്നതു:—"നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങളെത്തന്നെ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു. ജാതികളുടെ പൂൎണ്ണസംഖ്യ ചേരുവോളം ഇസ്രായേലിനു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു."

ക്രിസ്തുവിനെ അവർ നിഷേധിച്ചതിനാലുണ്ടായ അന്ധത ന്യായവിചാര

ണ സംബന്ധിച്ച ശരീരാന്ധത എന്ന ല്ലാതെ ആത്മിക അന്ധതയെന്നു അ തു പറവാൻ നിവൃത്തിയില്ല. ആന്ധ്യം ജാതീയമാണ്. വ്യക്തിപരമല്ല. കാര ണം, അപ്പോസ്തല കാലത്തുണ്ടായിരു ന്ന വിശ്വാസികളിൽ അധികഭാഗവും യഹൂദന്മാരായിരുന്നു. അതിൽ പിന്നെ ചുരുങ്ങിയ പങ്കു മാത്രമെ ക്രിസ്തുമാ ർഗ്ഗം സ്വീകരിച്ചിട്ടുള്ളു. പൌലോസി ന്നു ഈ മർമ്മം വെളിപ്പെട്ടില്ലായിരുന്നെ ങ്കിൽ അതു ഇന്നും ഒരു മർമ്മമായിത്ത ന്നെ ഇരിക്കുമായിരുന്നു: ജാതികളുടെ ഇടയിൽ യഹൂദന്മാർ ചിതറിക്കിടക്കു ന്നതിന്റെ മർമ്മം ഇതാകുന്നു.

൮. അധർമ്മത്തിന്റെ മർമ്മം.

൨ തെസ്സ. ൨:൧– ൧൨ വരെയുള്ള വാക്യങ്ങളിൽ അന്തിക്രിസ്തുവിനെ ക്കുറിച്ചു പൌലോസ് പറഞ്ഞുവരു മ്പോൾ അധർമ്മത്തിന്റെ മർമ്മത്തെ ക്കുറിച്ചു പറഞ്ഞിരിക്കുന്നതു കൂടാതെ അതു പൌലോസിന്റെ കാലത്തു ത ന്നെ പ്രവൃത്തി ചെയ്യുന്നുണ്ട് എന്നു പ റഞ്ഞിരിക്കുന്നു. ദൈവഭക്തിയുടെ മ ർമ്മം ദൈവം ജഡത്തിൽ വെളിപ്പെട്ടി രിക്കുന്നു എന്നുള്ളതാണ്. അധർമ്മ ത്തിന്റെ മർമ്മമോ, സാത്താൻ ജഡ ത്തിൽ വെളിപ്പെടുന്നതാകുന്നു.

൯. മഹാബാബിലോന്റെ മർമ്മം.

ഇതു വെളിപ്പാടുപുസ്തകം ൧൭-ാം അദ്ധ്യായത്തിൽ വിസ്തരിച്ചു പറഞ്ഞു കാണുന്നു.

൧൦. ക്രിസ്തുവിന്റെ മണവാട്ടി യെന്നുമുറയുള്ള സഭയുടെ മർമ്മം.

ഇതു പൌലോസിനു വെളിപ്പെട്ടു. ഇതു് എഫേസി. ൫: ൨൨, ൨൩ ഈ വാക്യങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. ഭർത്താ വിനോടും ഭാര്യയോടും സദൃശീകരിച്ചാ ണ് അവിടെ അതു പറഞ്ഞുകാണുന്ന തു്. ഈ മർമ്മം വലിയതാകുന്നു. ക്രിസ്തു വിനെയും സഭയെയും ഉദ്ദേശിച്ചത്രെ ഞാൻ പറയുന്നതു്. ഒന്നാം ആദാമിനു ഹവ്വ എന്നൊരു ഭാര്യയുണ്ടായിരു ന്നു. രണ്ടാമത്തെ ആദാം അതായതു് ഒ ടുവിലത്തെ ആദാമിനു സഭ എന്നൊ രു മണവാട്ടി ഉണ്ടായിരിക്കണം. ഇതൊ രു വലിയ മർമ്മം. കാരണം, ക്രിസ്തു വിന്റെ ആദ്യത്തെയും രണ്ടാമത്തെയും വരവുകൾക്കിടയിൽ ഒരു വലയകാലം ഉണ്ടായിരിക്കേണ്ട ആവശ്യകതയെ ഇ തു സ്പഷ്ടീകരിക്കുന്നു. ഈ വലയകാല ത്തു കൃപയാൽ ക്രിസ്തുവിന്റെ മണ വാട്ടിസഭയായിത്തീരുവാൻ ഒരു കൂട്ടം ജനം വിളിച്ചുചേർക്കപ്പെടണം.

൧൧. സകലത്തിന്റെയും പുന സ്ഥാപനത്തിന്റെ മർമ്മം.

എഫേസ്യർക്കുള്ളലേഖനത്തിൽ പൌ ലോസ് ഇതിനെക്കുറിച്ചു പറഞ്ഞിട്ടു ണ്ടു്. എഫേ. ൧: ൯, ൧൦ നോക്കുക. "കാലസമ്പൂർണ്ണത"യിൽ പാപം വരു ത്തിക്കൂട്ടിയ സകല കുഴപ്പങ്ങളെയും ഇ ല്ലായ്മ ചെയ്യുന്നതിനും സാത്താന്റെ മ ത്സരത്തിനും മനുഷ്യന്റെ വീഴ്ചയ്ക്കും മുമ്പ് ഇരുന്ന നിലയിൽ എല്ലാവ റെയും പുനഃസ്ഥാപിക്കുന്നതിനുമുള്ള "ഹിതത്തിന്റെ മർമ്മ"മാണിതു്.

# എസ്ഥേറിന്റെ പുസ്തകം.

## നാലാം അദ്ധ്യായം

(തുടർച്ച)

(കെ. ജി. തോമസ്സ്—ഹാന്ന)

---

അനുവാദംകൂടാതെ ദൈവസന്നിധിയിൽ പ്രവേശനമില്ല.—ന്യായപ്രമാണം സ്വാതന്ത്ര്യത്തെ നൽകുന്നില്ല.

ന്യായപ്രമാണം നമ്മെ ദൈവസന്നിധിയിലേക്കു അടുക്കുന്നതിനു ഭയമുള്ളവരാക്കി തീൎക്കുന്നു. ന്യായപ്രമാണത്തിൽ നിന്നും ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ ദൈവസന്നിധിയിൽ സന്തോഷത്തോടും, ധൈൎയ്യത്തോടും കൂടി അടുത്തു ചെല്ലുന്നതിനുള്ള പ്രാഗത്ഭ്യം നമുക്കു് ഉണ്ടാകയില്ല. നാലാം അദ്ധ്യായത്തിലെ രണ്ടു വാചകങ്ങൾ എല്ലാവരും പ്രത്യേകം സൂക്ഷിച്ചുനോക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. (വാ. ൧൬) അവയിൽ ഒന്നു 'വിളിക്കപ്പെടാതെ' എന്നും മററതു മുപ്പതു ദിവസത്തിനകം എന്നുമുള്ളതത്രെ.

ന്യായപ്രമാണം നമ്മെ എപ്പോഴും കുററം ചുമത്തികൊണ്ടിരിക്കുന്നതിനാൽ സധൈൎയ്യം ദൈവത്തോടു അടുത്തു ചെല്ലുന്നതിനു് കഴിവില്ലാതെ വരുന്നു. ചുരുക്കി പറയാം. പുതിയനിയമപ്രകാരം ക്രിസ്തുവിന്റെ മണവാട്ടി എന്നുള്ള മഹത്തായ സംബന്ധത്തിലും പുത്രത്വത്തിന്റെ നിസ്തുല്യമായ അവകാശമഹിമയിലും നമുക്കു ദൈവസന്നിധിയിൽ സമൃദ്ധിയായ പ്രവേശനത്തിനുള്ള പൂൎണ്ണസ്വാതന്ത്ര്യം ലഭിക്കുന്നു. ൨ പത്രോ ൨: ൧൬.

ന്യായപ്രമാണകാലത്തു ദൈവസന്നിധിയിൽ ചെല്ലുന്നതിനു ചില പ്രത്യേക വ്യവസ്ഥകളും നിശ്ചിതസ്ഥലങ്ങളും വേൎതിരിക്കപ്പെട്ട മനുഷ്യരും ഉണ്ടായിരുന്നു..

൧. പുരോഹിതന്മാൎക്കു് പ്രവേശിക്കാവുന്ന സ്ഥലം.

൨. സ്ത്രീകൾക്കു പ്രവേശിക്കുന്നതിനുള്ള സ്ഥലം.

൩. ജാതികളുടെ പ്രാകാരം.

൪. ആണ്ടിൽ ഒരിക്കൽ മഹാ പുരോഹിതന്നു മാത്രം പ്രവേശനമുള്ള സ്ഥലം. എന്നിങ്ങനെയുള്ള വ്യത്യാസങ്ങളായിരുന്നു. എന്നാൽ പുതിയനിയമപ്രകാരം ഈ സംഗതികളെ ഒക്കെ ഭേദപ്പെടുത്തി ക്രിസ്തുയേശു മൂലം എല്ലാവൎക്കും വിശുദ്ധ സ്ഥലത്തുള്ള കൃപാസനത്തിങ്കലേക്കു് മഹാ പുരോഹിതനാകുന്ന ക്രിസ്തുയേശുവിന്റെ മരണത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു. എബ്രാ. ൪: ൧൬.

എന്നിട്ടും എസ്ഥേർ പറയുന്നതു് എന്തു്? വിളിക്കപ്പെടാതെ; പ്രവേശനത്തിനു് അനുവാദമില്ല എന്നാണു്. ഇതു ന്യായപ്രമാണത്തിന്റെ അതികഠിനമായ നിരോധനത്തിന്റെ പ്രദൎശനമത്രെ. എന്നാലോ പുതിയനിയമത്തിന്റെ തെളിവായ അനുഭവവും ഉപദേശവുമല്ലോ. തിരശ്ശീല മുകളിൽനിന്നും, താഴെയോളം ചീന്തിയതിനാൽ നമുക്കു് അതിവിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനത്തിനു് സ്വാതന്ത്ര്യമുണ്ടു്. എങ്കിലും ഇടവിടാതെ ദൈവസന്നിധിയിൽ അടുത്തു ചെന്നു പ്രാൎത്ഥിക്കുന്നതിനും, നമ്മുടെ ആവശ്യങ്ങളെ അറിയിക്കുന്നതിനും കഴിയാതെ വരുന്ന ര

ഹസ്യവും ഇവിടെ ഉണ്ട്. ഹാമാൻെറ പ്രാബല്യസ്ഥിതി അഥവാ ജഡത്തിൻെറ ഉയൎച്ച്കൊണ്ടും ന്യായപ്രമാണത്തിൻെറ ബാന്ധവം കൊണ്ടും കൂട്ടായ്മയുടെ അതിമനോഹരമായ അനുഭവങ്ങൾ വിശ്വാസിയിൽനിന്നും മറ ദിവസം എന്നപോലെ അകററി കളയുന്നു. മൂപ്പതു് എന്നു പറയുന്ന സംഖ്യ ഒരു പിന്മാററ കാലയളവിനെ കാണിക്കുന്നതാണെന്നു വിചാരിക്കുന്നതിൽ തെററില്ല. കൎത്താവായ ക്രിസ്തു മൂലം എല്ലാപ്പോഴും തൻെറ വിശുദ്ധ കൂട്ടായ്മയിലേക്ക് വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ. എന്നിട്ടും എൻെറ കൂട്ടു വിശ്വാസിക്ക് ധൈൎയ്യം പോരാ. കൎത്താവായ യേശുക്രിസ്തു മരിച്ചവരിൽനിന്നും ഉയിൎത്തെഴുന്നേററു. നമുക്ക് വേണ്ടിയും, നമ്മിലും ജീവിക്കുന്നു എന്നുള്ള മൎമ്മം നമ്മുടെ ജീവനാത്മാവിൽ ഉദിച്ചുയരുമ്പോൾ "വിളിക്കപ്പെട്ടാതെ" ന്യായപ്രമാണ അനുവാദത്തിനുവേണ്ടിയുള്ള കാത്തിരുപ്പ് സംശയം വിനാ അസ്തമിച്ച് ക്രിസ്തുയേശുമൂലം ഒരിക്കലായി സാധിച്ചിട്ടുള്ള മഹനീയമായ അനുഭവത്തിലേക്ക് വിശ്വാസിയെ നടത്തുന്നു. ഓരോ വിശ്വാസിയും "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വാതന്ത്ര്യരാക്കിയിരിക്കയാൽ അതിൽ ഉറച്ചു നില്പിൻ! അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതു" ഗലാ. ൫: ൧.

(തുടരും.)

# ഡേവിഡ് ബ്രയിനേർഡ്

ദൈവത്തിനു തന്നെത്താൻ അസാധാരണമായ വിധത്തിൽ പ്രതിഷ്ഠിച്ച് ഐഹികജീവിതം നയിച്ച ഡേവിഡ് ബ്രയിനേർഡ് അമേരിക്കൻ ഇന്ത്യന്മാരുടെ ഇടയിൽ വളരെ കഷ്ടപ്പാടോടും കേൾക്കുന്നവർ വിശ്വസിക്കാൻ കൂടി പ്രയാസപ്പെടുന്ന വിഷമങ്ങളും സഹിച്ചും വേല ചെയ്തിട്ടുള്ളതായി വായനക്കാരിൽ ചിലൎക്കെങ്കിലും അറിവുള്ളതാണല്ലോ. തൻെറ ജീവിതം മററുള്ളവൎക്ക ശക്തിയേറിയ ഒരു ദൈവപ്രേരണയായിരിക്കത്തക്കവണ്ണം ദൈവത്തോടു വളരെ അടുത്തു ജീവിച്ച ഒരു ദൈവഭൃത്യനാണിദ്ദേഹം. യോനഥാൻ എഡ്വേർഡ്സ് ഇദ്ദേഹത്തിൻെറ ജീവചരിത്രം എഴുതുകയും ജോൺവെസ്‌ലി അതിനെ പരിഷ്കരിക്കയും ചെയ്തിട്ടുണ്ട്. സുപ്രസിദ്ധനായ ഡോക്ടർ എ. ജെ. ഗോർഡൻ ബ്രയിനേർഡിൻെറ ജീവചരിത്രം വളരെ മാററങ്ങൾ വരുത്തിയിട്ടുള്ളതായി അദ്ദേഹം സാക്ഷിക്കുന്നു. വേദപുസ്തകം കഴിഞ്ഞാൽ അദ്ദേഹത്തിന് ഉപകരിച്ചിട്ടുള്ള രണ്ടാം പുസ്തകം ഇതാണ്.

ബ്രയിനേർഡിൻെറ പത്രികകളിൽ കാണുന്നതുപോലെ വിശുദ്ധിക്കായുള്ള താല്പൎയ്യമേറിയ ആഗ്രഹങ്ങളും പ്രാൎത്ഥനകളും മറെറാരിടത്തും കാണുകയില്ല. അദ്ദേഹം ഇങ്ങനെ പറയുന്നു: "ഭൂമിയിലുള്ള സകലത്തെയും കാൾ ദൈവത്തിനു വേണ്ടിയും ഹൃദയവിശുദ്ധിയിൽ ദൈവസ്വത്വത്തിന് അനുരൂപപ്പെടുവാനും ഞാൻ വാഞ്ഛിക്കുന്നു." ൧൭൪൦ ഒക്ടോബർ ൧൯-ാം൹ അവൻ ഇങ്ങനെ എഴുതി: "അതിരാവിലെ എൻെറ ആത്മാവു നീതിക്കായി വി

ശക്കയും ദാഹിക്കയും ചെയ്യുന്നൊന്നു് എനിക്കുതന്നെ തോന്നി. ഉച്ചയ്ക്കു മുൻപു തിരുവത്താഴശുശ്രൂഷയിലെ അപ്പവീഞ്ഞുകളെ ഞാൻ നോക്കിക്കൊണ്ടും കർത്താവു ക്രൂശിക്കപ്പെട്ടവനായി എന്റെ മുമ്പിൽ വേഗേന പ്രത്യക്ഷീഭവിക്കും എന്നു വിചാരിച്ചുകൊണ്ടുമിരുന്നപ്പോൾ എന്റെ ആത്മാവു വെളിച്ചംകൊണ്ടും സ്നേഹംകൊണ്ടും നിറഞ്ഞു. തൽഫലമായി ഞാൻ ഒരു വിവശതയിലായി എനിക്കു നില്പാൻ കഴിയാതവണ്ണം ശരീരബലം ക്ഷയിച്ചുപോയി. അതേ സമയത്തു വർദ്ധമാനമായ ഒരു ഹൃദയമാർദ്ദവവും മനുഷ്യവർഗ്ഗത്തോടു മുഴുവൻ എത്രയും പുഷ്ടിയുള്ള സ്നേഹവും എനിക്കുണ്ടായി. അതുകൊണ്ടു് എന്റെ ആത്മാവും ആത്മാവിന്റെ എല്ലാ ശക്തികളും ഉരുകി മൃദുവും മധുരവുമായിത്തീർന്നു. ഈ സ്നേഹസന്തോഷങ്ങൾ ഭയത്തെ പുറത്താക്കി. എന്റെ ആത്മാവു പരിപൂർണ്ണകൃപയ്ക്കും മഹിമയ്ക്കുമായി വാഞ്ഛിച്ചു"

ഉപവാസം, പ്രാർത്ഥന, എന്നിവയുടെ മദ്ധ്യത്തിലും ജീവിതവിശുദ്ധിക്കായുള്ള അഭിവാഞ്ഛയുടെ ഘട്ടങ്ങളിലും, അദ്ദേഹം നടത്തിയ യോഗങ്ങളിൽ ആത്മാവിന്റെ പ്രവർത്തനം വളരെ ഉണ്ടായി. ഈ ലോകവിഷയങ്ങളുടെ മീതെ അവൻ വളരെ ഉയർത്തപ്പെട്ട ഒരു നിലയിൽ കാണപ്പെട്ടുവന്നു. ഫെബ്രു. മാർച്ച് ൧൭൪൫-യിലെ അവന്റെ പത്രികയിൽ ഇങ്ങിനെയാണു കാണുന്നതു്. "ലോകത്തിനും അതിന്റെ എല്ലാ സന്തോഷങ്ങൾക്കും ഞാൻ മരിച്ചു എന്നു് ശക്തിയായി എനിക്കു തോന്നി. വേണ്ടിവന്നാൽ ആയുസ്സും അതിന്റെ എല്ലാ സന്തോഷങ്ങളും വിട്ടുകളവാൻ ഞാൻ സന്നദ്ധനായിരുന്നു. ആ ചിന്തയിലും എന്റെ ആശ്വാസത്തിനു യാതൊരു ചലനവും ഉണ്ടായില്ല. ആയുസ്സ് ഒരു നിഴൽപോലെ എനിക്കു പ്രത്യക്ഷീഭവിച്ചു. ധനം, ബഹുമാനം ഐഹിക സന്തോഷങ്ങൾ ഇവ തീരെ അരുചികരമായിത്തോന്നി. ഭൂമിയിലുള്ള എല്ലാററിനും നിശ്ശേഷം കുരിശിക്കപ്പെട്ടവനാകണമെന്നു ഞാൻ ആഗ്രഹിച്ചു. എന്റെ ദേഹിയെ എന്റെ പക്കൽ നിന്നെടുത്തു ദൈവത്തിനായി സന്തോഷപൂർവ്വം ഏല്പിച്ചുകൊടുത്തു. എന്നിട്ടും എനിക്കു നന്മയില്ലാതെ മറെറാന്നുമല്ല ഞാൻ കാണുകയുണ്ടായതു്. വിശുദ്ധമായി ജീവിക്കയെന്നുള്ളതു് എന്റെ ആഹാരവും പാനീയവുമായിരുന്നു. കർത്താവിനായി ജീവിക്ക, കർത്താവിനായി മരിക്ക. വീണ്ടും ജനിക്കാത്ത ഒരാത്മാവിന്റെ എത്ര ഗൗരവമായ മനോബാധയേയും കവിഞ്ഞുള്ള ഒരു സ്വർഗ്ഗാനുഭവം ഞാൻ അപ്പോൾ അനുഭവിച്ചു. എനിക്കു വേറൊരു സമയത്തു പറകയോ ഉച്ചരിക്കയോ ചെയ്യുന്നതിന് അപ്പുറമായിരുന്നു."

# ദൈവകരുതൽ.

('Our Hope' ൽ നിന്നും ഭാഷാന്തരം ചെയ്തതു്)

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവമക്കളായിത്തീൎന്നിരിക്കുന്ന ഓരോരുത്തരേയും പററിയുള്ള കരുതലും, അവരെ ശുശ്രൂഷിക്കുന്നതിലുള്ള താല്പൎയ്യവും, പിതാവായ ദൈവത്തിനും പുത്രനായ ക്രിസ്തുവിനും, പരിശുദ്ധാത്മാവിനും, 'എപ്പോഴും ഉണ്ടു'. നമ്മോടുള്ള തന്റെ ദയയും, ആത്മികവും ശാരീരികവുമായ സകല കാൎയ്യങ്ങളിലും നമുക്കുള്ള ആവശ്യങ്ങളെപ്പററിയുള്ള തന്റെ കരുതലും, തന്നിൽ അനുനിമിഷം ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നു. തോട്ടക്കാരൻ തന്റെ മുന്തിരിയെ സൂക്ഷിക്കുകയും, അതിനെ കൃഷിചെയ്യുകയും, തക്കതായ ഫലം പുറപ്പെടുവിക്കേണ്ടതിനായി അതിനെ ചെത്തി വെടിപ്പാക്കുകയും ചെയ്യുന്നതുപോലെ സ്വൎഗ്ഗസ്ഥപിതാവു നമ്മെ സൂക്ഷിക്കുകയും നമ്മുടെ ആത്മാവിനു ശിക്ഷാഭ്യസനം നൽകുകയും ചെയ്യുന്നു; നാം അധികം ഫലം കായിക്കുന്നതിനാൽ താൻ മഹത്വപ്പെടുകയും ചെയ്യുന്നു. ആത്മാക്കളുടെ പിതാവായവൻ നമ്മെ ശാസിക്കുകയും, ശിക്ഷിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ അവൻ അപ്രകാരം ചെയ്യുന്നതു, തന്റെ അത്യഗാധജ്ഞാനത്തിൽ നിന്നും, പൂൎണ്ണസ്നേഹത്തിൽ നിന്നും മാത്രമാണു്. ഒരു പിതാവു് തന്റെ മക്കളുടെ മേൽ കരളലിയുന്നു; എന്തുകൊണ്ടെന്നാൽ അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടിയെന്നു് അവൻ ഓൎക്കുന്നു. താൽക്കാലികമായ അതായതു് ശരീരസംബന്ധമായ സകല കാൎയ്യങ്ങളിലും ഒരിക്കലും ഇഷ്ടപ്പെടാത്തതും മഹത്വസമ്പൂൎണ്ണവും പൈതൃകവുമായ അവന്റെ കരുതലിൽ നാം എപ്പോഴും ആശ്രയിക്കണമെന്നുള്ളതു് തന്റെ മക്കളെപ്പററിയുള്ള ദൈവത്തിന്റെ ഉദ്ദേശമത്രെ. "ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് അവയെ പോഷിപ്പിക്കുന്നു. അവയെക്കാൾ നിങ്ങൾ ശ്രേഷ്ഠതയേറിയവരല്ലയോ?" നമ്മുടെ ആവശ്യങ്ങളെ നാം നമ്മുടെ കൎത്താവിനെ അറിയിക്കയും ഉത്തരം ലഭിക്കുന്നതിനുള്ള ആകാംക്ഷ നമുക്കുണ്ടായിരിക്കയും ചെയ്യത്തക്കവണ്ണം "ചോദിപ്പിൻ; തരപ്പെടും. ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ ഇച്ഛിക്കുന്നുവെങ്കിൽ സ്വൎഗ്ഗസ്ഥനായപിതാവു് തന്നോടു് ചോദിക്കുന്നവർക്കു് പരിശുദ്ധാത്മാവിനെ എത്ര അധികമായി കൊടുക്കും." എന്നുള്ള നമ്മുടെ കൎത്താവിന്റെ വാക്കുകൾ എത്ര ധൈൎയ്യപ്രദങ്ങളാകുന്നു.

ദൈവപുത്രനായക്രിസ്തു നമുക്കുവേണ്ടി പിതൃസന്നിധിയിൽ മാദ്ധ്യസ്ഥ്യം ചെയ്യുന്നു. അവൻ നമ്മുടെ കാൎയ്യസ്ഥൻ എന്ന നിലയിൽ നമ്മുടെ ശത്രുവായ പിശാചു് നമ്മെപ്പററി ചെയ്യുന്ന സകല അപവാദങ്ങളേയും എതിൎക്കുന്നു. അവൻ നമുക്കുവേണ്ടി സദാ ജീവിക്കുന്നവനും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവനുമായ നമ്മുടെ മഹാപുരോഹിതനും ആകുന്നുവല്ലോ. നമ്മുടെ ബലഹീനതകളിലുള്ള അവന്റെ അനുകമ്പ നമ്മെ അത്യധികം ആശ്വസിപ്പിക്കുന്നതല്ലോ. ക്രൂശിങ്കലുള്ള അവന്റെ

പൂണ്ണമായ പ്രവൃത്തിമുഖാന്തരം നമുക്ക് കൃപയും സമാധാനവും ലഭിച്ചിരിക്കുന്നു. അവൻ നമുക്കുവേണ്ടി ഒരു വാസസ്ഥലം ഒരുക്കിക്കൊണ്ട് പിതാവിന്റെ ഭവനത്തിൽ ഇപ്പോൾ വസിക്കുന്നുവെന്നു നാം അറിയുന്നു. തന്റെ വിശുദ്ധന്മാരുടെ പാദങ്ങളെ അവൻ കാക്കുകയും താൻ ആർക്കുവേണ്ടി മരിച്ചുവോ തന്റെ ആ ആടുകൾ ഒരുനാളും നഷ്ടപ്പെട്ടുപോകയില്ലെന്നു നമുക്ക് ഉറപ്പുതരികയും ചെയ്യുന്നു. അവന്റെ ശക്തിമത്തായ ഭുജം നമ്മെ താങ്ങുന്നു. അവന്റെ വിലയേറിയ രക്തത്താൽ കഴുകപ്പെട്ടവരിൽ ആരുംതന്നെ ഒരുനാളും നഷ്ടപ്പെട്ടുപോകുന്നതല്ല. ദൈവത്തിനു സ്തോത്രം.

പരിശുദ്ധാത്മാവു നമ്മിൽവസിക്കുന്നു. അവൻ എപ്പോഴും നമ്മോടുകൂടി വസിക്കയും ചെയ്യും. ഈ ആത്മാവിനാൽ നാം യേശുവിനെ "കർത്താവ്" എന്നു വിളിക്കുന്നു. അവനാൽ ദൈവത്തിന്റെ അകൈതവമായ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പകരപ്പെടുന്നു. നമുക്കുവേണ്ടി ക്രിസ്തുവിൽ സംഭരിക്കപ്പെട്ടിട്ടുള്ള സകല ആത്മീയ അനുഗ്രഹങ്ങളേയും അവൻ നമ്മിലേക്കു പകരുന്നു. നമ്മെ സകല സത്യത്തിലേക്കും താൻ നയിക്കുകയും ഭാവികാര്യങ്ങളുടെ ഒരു ചിത്രം നമ്മെ കാണിക്കുകയും ചെയ്യുന്നു. നമ്മെ, ദൈവത്തിന്റെ, ക്രിസ്തുവിലുള്ള നിത്യനിർണ്ണയങ്ങളുടെ പരിജ്ഞാനത്തിലേക്കു കടത്തിവിടുകയും, തന്റെ വിശുദ്ധന്മാരെ ചേർപ്പാനായി ക്രിസ്തു വീണ്ടും വരുമ്പോൾ, നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ആ മഹത്വം സംബന്ധിച്ചു ദൈവത്തിന്റെ കരുണയുടെ സകല പ്രവൃത്തികളേയും നമുക്കു തെളിയിച്ചുതരികയും ചെയ്യുന്നു.

ഹാ! സ്വർഗ്ഗസ്ഥ പിതാവിന്റെ സ്നേഹം ഒരുനാളും മാറിപ്പോകുന്നതല്ലെന്നും, തന്റെ പുത്രനായ ക്രിസ്തുവിന്റെ നിസ്തുല്യമായ കരുണ ഒരുനാളും കുറഞ്ഞുപോകയില്ലെന്നും, പരിശുദ്ധാത്മാവ്, നമ്മുടെ ശരീരങ്ങളെ നമുക്കായി മരിച്ചു മൂന്നാംദിനം ഉയിർത്തവനായ കർത്താവിന്റെ മഹത്വമേറിയ ശരീരത്തോട് അനുരൂപപ്പെടുത്തുന്നതുവരെ അവൻ നമുക്കുവേണ്ടിയുള്ള അവന്റെ പ്രവൃത്തിയെ നിർവ്വിഘ്നം തുടർന്നുകൊണ്ടിരിക്കുമെന്നും ഉള്ളത് എത്ര അനുഗ്രഹിക്കപ്പെട്ടോരു സത്യമാകുന്നു.

K. J. V.

## സുവിശേഷപ്രചാരണഫണ്ട്.

| | രൂ. | ണ. | | രൂ. | ണ. |
|---|---|---|---|---|---|
| പൂവത്തൂർ | ൩ | | മൈലപ്രാ | ൪ | |
| പുളിക്കീഴ് | ൧ | | കമ്പഴ | ൧ | ൧൨ |
| കമ്പനാട്ട് | ൩ | | കമ്പനാട്ട് | ൩ | |
| വെട്ടിപ്പുറം | ൨ | | കണ്ണംപേത്തൂർ | ൩ | |
| ഉഴുത്തുപാറ | ൪ | | കീഴ്വായിപ്പൂർ (മുക്കൂർ) | ൨ | |
| മണ്ണാരത്തറ | ൨ | | കുണിച്ചകുളം | ൧ | |
| മഞ്ഞിനിക്കര | ൧ | | ഇടയാറന്മുള | ൪ | ൮ |
| സീയോൻകുന്ന് | ൨ | | | | |
| മണ്ണുമരുതി | ൫ | | ആകെ. | ൪൨ | ൪ |